(2) 1986-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ :)

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

Dr. A. Subha Rao : Sir, I move that the Kerala Public Buildings (Eviction of Unauthorised Occupants) Amendment Bill, 1986 as reported by the subject committee, be recommitted to the same subject committee.

Sir, the intention of this Bill is to facilitate the Companies and Corporations to use the Eviction of Unauthorised Occupants Act, 1968. May I know, what was the urgency in issuing an Ordinance like this? This Ordinance was issued in February, 1983 and it is nearly 3½ years since this Ordinance has been in effect. May I know, how many Unauthorised Occupants have been evicted during this period, during the period of this Ordinance? what was the urgent necessity of enforcing this Ordinance? Was it not necessary, was it not decent on the part of the Government to bring this Bill to the House and have it passed, and then implement this Act ? I cannot understand the urgency behind this Ordinance. I hope the Hon'ble Minister will reply about the necessity of issuing this Ordinance.

Sir, there are really two types of Industrialists. One is Genuine Industrialists who would like to start the small scale industries and those who are in financial constraints. They start industries in the small Industrial Estate and other areas at great risk, thinking or at least accepting the fact that the Government is going to extend all the facilities proclaimed to them. In sanctioning the financial assistance to them, in the form of bridge money, seed mony and other financial helps either by the Financial Institutions run by the Corporations/Government or by the Banking Financial Institutions—there is a lot of delay on the part of the Government. After the commencement of production the poor industrialists find it very difficult to pay the rent of their Buildings, since they do not get the loan or the financial assistance in time. So naturally the rent will accrue and then the Government will take the proceedings and try to evict that particular small scale industrialists. Unfortunately there are no proper facilities either for extending the loans or for marketing the products.

Sir, marketing is the most important thing, especially to the small scale industrialists. They start their industries and find that the products are not saleable in the market. The stocks are accumulate there and they are not able to complete in the market, where the monopolists are there to

LIBRARY ARCHIVES Kerala Legislative Assembly

sell their products at a cheaper rate, just to throttle the small scale industrialist. My main objection is that the Government has failed in its duty to give proper financial assistance to these small scale industrialists. They have failed in marketing their products. But on the other hand, they have proclaimed that they are governing the state for the social benefit of the people. It is the duty of the Government to market all the products and to take the responsibility or at least to aid the small scale industrialist to market his products. The Government has miserably failed in these things. I am afraid that these genuine small scale industrialists will be adversely affected and due to the whims and fancies of the Officers they might be liable for eviction. That is why, I am saying that this Bill is not going to solve the problem.

There is another type of illegal occupants who have no intention of starting any industry and who have been thriving all these years by their malpractices. They have got financial clouts and political backing also. By putting their political pressure or with the financial clouts or with their contacts in various Departments, they get these Buildings for starting Industries. But they have no intention of starting industries. What they do is, they simply wait and take advantage of the situation. They try to sell it, not by any official way, but by under hand dealing. Because the situation is that, there is a lot of applications for starting small scale industries in these industrial Estates. So how are you going to prevent these small scale industrialists by passing this Bill? I want to know it, because nothing is in plain record. Everything is being done by under-hand dealing. So even the present occupant is a different person, who is really unauthorised, you cannot evict him. Because the original man to whom this Industrial Licence has been given, it is in his name that these industries are being run. So these people who are doing malpractices, are encouraged to take over the Building given by the Government and utilising it for unauthorised purpose.

There are cases where large extent of land has been taken over by the Government for the sake of starting industries and leaseing it out or selling it out and giving it to the industrialists to start industries. Perhaps, some industrialists have started industries just like in Veli. The Government has taken over vast areas of land and given to different Companies. But the Companies do not utilise it for the purpose of starting Industries. On the other hand, they are leaseing it out to some Agriculturists who have started long term farming of agricultural products like coconut and so on. Now they have come up. How are you going to deal with such a situation? Is it not an illegal method of actually taking possession or taking advantage of the Government's intention and verdict given to the public? So this Bill will not be a panacea and will not be able to survive the intention. I feel that this Bill is unnecessary and it is quite definite hat there is no urgency in passing this Bill.

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ

Shri P. C. George: Sir, I move that the Kerala public Buildings
12 noon.] (Eviction of unauthorised Occupants) Amendment Bill, 1986 as
reported by the Subject Committee be circulated for obtaining
public opinion. ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. നമ്മുടെ ആളുകളെ സംബന്ധിച്ചിടത്തോളം ഒരു ജീവിത മാർഗ്ഗമെന്ന നിലയിൽ ചെറുകിട വ്യവസായങ്ങളാരംഭിച്ചാൽ എന്തുകൊണ്ട് അവ നിന്നുപോകുന്നുയെന്ന് ആലോചിക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ചെറുകിട വ്യവസായങ്ങളാരംഭിച്ചുകഴിഞ്ഞാൽ വൈദ്യുതി ഇന്ന് ഒരു പ്രശ്നമായിരിക്കുകയാണ്. ബഹുമാനപ്പെട്ട സുബ്ബറാവു പറഞ്ഞതുപോലെ ചെറുകിട വ്യവസായികളെന്തെങ്കിലും ഉൽപ്പന്നങ്ങളുൽപ്പാദിപ്പിച്ചു കഴിഞ്ഞാൽ അത് വിറ്റഴിക്കുവാനുള്ള മാർഗ്ഗമില്ലാത്ത സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ട്. ഇലക്ട്രിസിറ്റി ചാർജ്ജിൽ കാലാകാലങ്ങളിൽ വരുന്ന വർദ്ധനവിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ ബുദ്ധിമുട്ടുന്ന നൂറുകണക്കിന് ചെറുകിട വ്യവസായങ്ങളും നമ്മുടെ രാജ്യത്തുണ്ട്. ഈ നിയമം പ്രാബല്യത്തിൽ വന്നു കഴിയുമ്പോൾ എപ്പോഴെങ്കിലും രക്ഷ കിട്ടുമെന്ന് പ്രതീക്ഷിക്കുന്ന ആ ചെറുകിട വ്യവസായങ്ങളെ കുടിയൊഴിപ്പിക്കാനുള്ള നടപടിയുണ്ടാവുകയില്ലേയെന്നാണ" എന്റെ സംശയം. അതാണ് നമ്മളാലോചിക്കേണ്ടത്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, ഈ നിയമം പാസാക്കുന്നതിനോട് തർക്കമില്ല, സന്തോഷമാണ്. പക്ഷെ നിയമമുണ്ടെങ്കിൽപോലും ചെറുകിട വ്യവസായങ്ങളെ ഒഴിപ്പിക്കുന്നതിനു മുൻപേ അവരുടെ പരാതികളെന്താണെന്ന് പരിശോധിച്ച് ആ പരാതികൾക്കു പരിഹാരം ഉണ്ടാക്കി, ഈ ചെറുകിട വ്യവസായം തുടർന്ന് നടത്തിക്കൊണ്ടു പോകാനുള്ള സാഹചര്യം സൃഷ്ടിക്കണം ആ ചെറുപ്പക്കാരെ രക്ഷിക്കാൻ കഴിയുമോ എന്ന" പരിശോധിക്കാനുള്ള ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഈ നിയമം പ്രാബല്യത്തിൽ വന്നാൽ നാളെ മുതൽ, (ഓർഡിനൻസ് ഉള്ളത് സമ്മതിച്ചു) നിയമമായി കഴിയുമ്പോൾ ഈ സംസ്ഥാനത്തെ മുഴുവൻ ചെറുകിട വ്യവസായങ്ങളെയും ഒരു സുപ്രഭാതത്തിൽ ഉദ്യോഗസ്ഥൻമാർ വിചാരിച്ചാൽ ഇറക്കി വിടാൻ കഴിയും. നിസാരമായ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ അവരെ Unauthorised occupants എന്ന് പറഞ്ഞ് ഇറക്കി വിടാൻ കഴിയുന്ന നിയമമുണ്ടാക്കി കഴിഞ്ഞാൽ ഉള്ള ബുദ്ധിമുട്ടുകളാണ് ഞാൻ പറയുന്നത്. അതുകൊണ്ട് ചെറുകിട വ്യവസായങ്ങൾ എന്ത് ബുദ്ധിമുട്ടനുഭവിക്കുന്നു എന്ന വസ്തുത മനസ്സിലാക്കാതെ, അവരെ ഒഴിപ്പിക്കണമെന്ന നിയമവുമായി ഗവൺമെന്റ് പോകുന്നു എന്ന കാഴ്ചപാടാണ് എനിക്കുള്ളത്. അതുകൊണ്ട് അവരുടെ വൈദ്യുതി കണക്ഷന്റെ കാര്യം, അവർ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിന്റെ കാര്യം, ഇതൊക്കെ ഇവിടെ ചർച്ച ചെയ്ത് അവരെ സംരക്ഷിക്കാനുള്ള മാർഗ്ഗം ഉണ്ടോയെന്ന് ഗവൺമെന്റ് പരിശോധിച്ചശേഷം വേണം ഈ നിയമം പ്രാബല്യത്തിൽ കൊണ്ടു വരാൻ.

സ്വാഭാവികമായി അധികാരത്തിൽ ഇരിക്കുന്ന ആളുകൾ ശ്രമിച്ചാൽ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് ചെറുകിടവ്യവസായികളെ വേണ്ടിവന്നാൽ ഇറക്കിവിടാൻ സാധിക്കുന്ന ഒരു നിയമമല്ലേയിത് എന്നെനിക്ക് സംശയമുണ്ട്. അങ്ങനെ ഉണ്ടാകാതിരിക്കാനുള്ള നടപടിയും ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ നിയമം സഭയിൽ തന്നെ പ്രൈവറ്റ് മെമ്പേഴ്സ് ബില്ല് എന്ന നിലയിൽ ഒരു ബില്ല് ഞാൻ അവതരിപ്പിച്ചതാണ്. ഇങ്ങനെ unauthorised occupants നെ കെട്ടിടങ്ങളിൽ നിന്ന് ഇറക്കി വിടാൻ ഒരു നിയമം ഉണ്ടാക്കുമ്പോൾ നമ്മൾ പല കാര്യങ്ങളും ആലോചിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉദാഹരണമായി ഒരു കാര്യം പറയാം. സ്ഥലം ഒരു വ്യക്തിയുടേത്, 10,50 വർഷം പഴക്കമുള്ള കെട്ടിടങ്ങളും മറ്റൊരാളുടേത്. ഇങ്ങനെയുള്ള കെട്ടിടങ്ങളും വരുന്നതിലുള്ള ബുദ്ധിമുട്ടുകളും എന്താണെന്ന് ചോദിച്ചാൽ സ്ഥലമുടമ സ്ഥനു നല്ലകെട്ടിടം പണിയണമെന്നുണ്ടെങ്കിൽപോലും കെട്ടിടം മറ്റൊരു വ്യക്തിയുടേതായതുകൊണ്ട്, ആ വ്യക്തി ഒഴിഞ്ഞുപോകാത്തതുകൊണ്ട് കഴിയുകയില്ല. അതുപോലെ തന്നെ, ചെറിയകെട്ടിടം ഉടമസ്ഥനു സ്ഥലം അദ്ദേഹത്തിനില്ലാത്തതുകൊണ്ട്, ചെറിയ ആ കെട്ടിടം പൊളിച്ചു കഴിഞ്ഞാൽ നല്ല കെട്ടിടം പണിയാൻ സ്ഥലമുടമസ്ഥൻ അനുവദിക്കുകയില്ല. അങ്ങനെ വരുമ്പോഴും കെട്ടിടമുണ്ടാകുകയില്ലെന്നു മാത്രമല്ല വളർന്നു വരുന്ന പട്ടണപ്രദേശങ്ങളും ചെറിയ ചെറിയ ഗ്രാമങ്ങളൊക്കെ പട്ടണങ്ങളായി മാറി വരുന്ന സാഹചര്യത്തിൽ കെട്ടിടങ്ങളും ഉണ്ടാകേണ്ട ആവശ്യം നടക്കാതെയും പോകുന്നു. എങ്കിൽപ്പോലും ഒരു നിയമമില്ലാത്തതുകൊണ്ട് പഴയ നിയമം അനുസരിച്ചാണെങ്കിൽ ഇപ്പോഴും കെട്ടിടമുടമസ്ഥനു പുതിയ കെട്ടിടം വയ്ക്കാൻ കഴിയുകയില്ല. സ്ഥലമുടമസ്ഥനെ ഒഴിവാക്കികൊണ്ട് കെട്ടിടം പണിയാൻ കഴിയുകയില്ല. ഇങ്ങനെ നിൽക്കുന്നതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി നഹക്കറിയാം വിരാജ്പേട്ട പട്ടണം ഇന്ന് വളരാത്തതിന്റെ ഏക കാരണം നിയമത്തിന്റെ അപാകതയാണ്. അക്കാര്യങ്ങളും പരിശോധിച്ച് പരിഹാരം കാണുന്നതിനാണ് പ്രൈവറ്റ് മെമ്പേഴ്സ് ബിൽ ഞാൻ ഈ സഭയിലവതരിപ്പിച്ചത്. പുതിയ നിയമം കൊണ്ടു വരുന്നുയെന്ന് ഗവൺമെന്റ് എന്നോട് പറഞ്ഞുകൊണ്ട് ആ ബില്ലും ഞാൻ പിൻവലിക്കുകയാണുണ്ടായത്. പക്ഷെ നാളിതുവരെ ആ നിയമം കൊണ്ടുവന്നിട്ടില്ല. പകരം ഇതുപോലൊരു നിയമം കൊണ്ടു വന്നിട്ടുണ്ട്. ഇത് ചെറുകിട വ്യവസായങ്ങളെയെല്ലാം എങ്ങനെയെങ്കിലും പുറത്തുകളയാമെന്ന തീരുമാനത്തിലാണ്. വസ്തു ഉടമസ്ഥൻ ന്യായമായ നഷ്ട പരിഹാരം കൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. അതല്ലെങ്കിൽ ആ സ്ഥലം ചെറിയ കെട്ടിടം വച്ചിരിക്കുന്ന ഉടമസ്ഥനു കൊടുക്കാനുള്ള എന്തെങ്കിലും സംവിധാനമുണ്ടാക്കണം. ഏതാണെങ്കിലും എനിക്കു വിരോധമില്ല കെട്ടിടം ഉടമസ്ഥനോട് പ്രത്യേക സ്നേഹമില്ല, സ്ഥല ഉടമസ്ഥനോടും പ്രത്യേക സ്നേഹമില്ല. ആ നിലയിൽ ഒരു നിയമം കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം.

ശ്രീ. എസ്. ഗോവിന്ദപ്പൊറുപ്പ് : സർ, സ്ഥലമുടമസ്ഥനോട് സ്നേഹമില്ല, കെട്ടിടമുടമസ്ഥനോട് സ്നേഹമില്ല, പിന്നെ ആരോടാണ് സ്നേഹം.

ശ്രീ. പി. സി. ജോർജ് : സർ, എനിക്ക് കുറുപ്പുചേട്ടനോടാണ് സ്നേഹം. എനിക്കതിൽ പ്രത്യേക മമതയില്ല. രണ്ടും തുല്യം. എനിക്കിതിൽ പ്രത്യേക കാഴ്ചപ്പാടില്ല എന്നാണ് ഞാൻ പറഞ്ഞത്. ആ കാര്യംകൂടി പരിഗണിച്ച് നിയമം കൊണ്ടുവരാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഇത് പല പ്രാവശ്യം ഈ സഭയിൽ ഞാൻ പറഞ്ഞതാണ്. പക്ഷെ അതിലേക്ക് നിയമം കൊണ്ടുവരാം എന്നു പറയും, നിയമം കൊണ്ടുവരുകയില്ല. ഇത് ശരിയായൊരു നടപടിയല്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, അടുത്ത് കുറച്ച് നാളായിട്ട് ഈ പുറംപോക്ക് ഭൂമിയോട് ഒരു പ്രേമം ഉണ്ടെന്ന് പറഞ്ഞവർ ഇപ്പോൾ ഒന്നുമില്ലെന്ന് പറയുന്നത് ശരിയല്ല. പുറംപോക്ക് ഭൂമിയോട് സ്നേഹമുണ്ടെന്ന് നംപടൻ മാസ്റ്റർ പറഞ്ഞതു ശരിയല്ലേ?

ശ്രീ. പി. സി. ജോർജ് : ആ ഭൂമി കൈയേറിയിരിക്കുന്നവരെ ഒഴിവാക്കുന്നില്ല. ഞാൻ വല്ലതും കൈയേറിയിട്ടുണ്ടെങ്കിൽ വർക്കലയ്ക്ക് തന്നേക്കാം.

LIBRARY ARCHIVES Kerala Legislative Assembly

പോരെ. നമ്പാടൻ മാസ്റ്ററർക്കും കുറെ കൊടുത്തേക്കാം. വല്ലതുമുണ്ടെങ്കിൽ എടുത്തോ. എനിക്ക് വിരോധമില്ല. ആർക്കുവേണമെങ്കിലും തന്നേക്കാം.

ശ്രീ. സിറിയക് ജോൺ : സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീനിവാസൻ തന്നെയാണ് നമ്പാടൻ മാസ്റ്ററോട് പറഞ്ഞിരുന്നതെങ്കിലും, നമ്പാടൻ മാസ്റ്റർ അതിന് വേണ്ടി ഒരുപാട് നടന്നിട്ടും കൊടുത്തില്ലെന്ന കാര്യം അറിയാമോ ?

ശ്രീ. പി. സി. ജോർജ് : സർ, അങ്ങ് പേടിക്കേണ്ടാ. കോഴിക്കോട് ജില്ലയിൽ പോയി എം. എൽ. എ. ആയിയെങ്കിലും മീനച്ചൽകാരനല്ല, വേണമെങ്കിൽ എന്റെ കെട്ടിടംകൂടി തന്നേക്കാം. ഞാൻ ഇവിടെ പറഞ്ഞത് ഇന്നത്തെയും ഇന്നലത്തെയും കാര്യമല്ല. 1981-ൽ ഞാൻ ഈ നിയമസഭയിലവതരിപ്പിച്ചതാണ്. അന്ന് ഗവൺമെന്റ് ഉറപ്പുനൽകിയത് എത്രയുംവേഗം ഒരു സമഗ്രമായ നിയമം കൊണ്ടുവരാമെന്നാണ്. 1986 ആയിട്ടും ഇതുവരെ നിയമം കൊണ്ടുവന്നിട്ടില്ല. അതുകൊണ്ടാണ് ഞാനിതു പറഞ്ഞത്. ഇപ്പോൾ ഈ ബില്ല് കൊണ്ടുവന്നു, ഈ ബില്ല് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. അനധികൃതമായി ആരെങ്കിലും കൈവശം വച്ചിട്ടുണ്ടെങ്കിൽ ഇറക്കിവിടട്ടെ, പക്ഷെ ആ ഇറക്കിവിടുന്ന കൂട്ടത്തിൽ ഏതെങ്കിലും ചെറുകിടവ്യവസായികളെ ഇറക്കിവിടുന്നെങ്കിൽ എന്തുകൊണ്ട് അങ്ങനെയൊരു സാഹചര്യമുണ്ടായിയെന്ന് പരിശോധിക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഈ ചെറുകിട വ്യവസായികളും ആരെങ്കിലും തുടങ്ങിയ വ്യവസായം നിർത്തണമെന്നാഗ്രഹിച്ചുകൊണ്ടാണോ തുടങ്ങുന്നത്. നല്ല നിലയിൽ വ്യവസായങ്ങൾ നടത്തണമെന്നാഗ്രഹിച്ചുകൊണ്ടു തന്നെയാണ് വ്യവസായമാരംഭിക്കുന്നത്. പക്ഷെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നില്ല. അഥവാ വൈദ്യുതി കണക്ഷൻ കിട്ടിയാലും ഇപ്പോൾ പുറത്തു നിന്നുകൊണ്ടുവരുന്ന വൈദ്യുതിയാണെന്ന് പറഞ്ഞ് വില വർദ്ധിപ്പിച്ചതുകൊണ്ട് വ്യവസായങ്ങൾ നല്ലനിലയിൽ നടത്താനും ലാഭകരമായി നടത്താനും സാദ്ധ്യമല്ലാത്ത സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. അല്ലെങ്കിൽ അവർ ഉൽപാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റില്ലാത്തതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകും. നമ്മുടെ സംസ്ഥാനത്ത് ഇങ്ങനെ ഒരു നിയമം വരുമ്പോൾ ചെറുകിടവ്യവസായികളെ ഒരു സുപ്രഭാതത്തിൽ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടയ്ക്ക് പിടിച്ചിറക്കിവിടുന്നത് ശരിയല്ലെന്ന കാഴ്ചപ്പാട് ഞാൻ ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. അങ്ങനെ ഇറക്കിവിടാതിരിക്കാനുള്ള നിയമം അവതരിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇറക്കിവിടാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമം വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, ഇവിടെ ബധിരരേയും മൂകരേയും ബലാൽസംഗം ചെയ്യുന്ന നടപടി കൈയുംകെട്ടി നോക്കിനിൽക്കുന്ന ഒരു സർക്കാരാണിത് എന്നുള്ളകാര്യം നമുക്കറിയാം. അതിനെസംബന്ധിച്ച് ബൈബിളിൽ ഒരു വാക്ക് ഉണ്ട് സർ ഗോദവും ഗോമുറയുമെന്നു പറയുന്ന രണ്ടു സ്ഥലങ്ങളിൽ ഇന്ന് കേരളത്തിൽ നടക്കുന്നതുപോലെ ബലാൽസംഗങ്ങളും, കൊള്ള, പിടിച്ചുപറി ഇതൊക്കെ നടന്നിട്ട് അവസാനം ഗോദവും ഗോമുറയും തീമഴ പെയ്ത് നശിച്ചതായിട്ടാണ് ബിഷപ്പുമാർ പറയുന്നത്. അതുപോലെ കരുണാകരന്റെ ഭരണം ഇവിടെ തുടർന്നുകൊണ്ടിരിക്കുമ്പോൾ എന്നാണ് തീമഴ പെയ്ത് കേരള സംസ്ഥാനം നശിക്കുന്നതെന്ന് ബിഷപ്പുമാർ ഉറ്റുനോക്കികൊണ്ടിരിക്കുകയാണ്. ഇത് ശ്രീ. റ്റി. എസ്. ജോണിന് അറിയാവുന്ന കാര്യമാണ്. ആ ഒരു ഘട്ടത്തിൽ ഇങ്ങനെ ഈ ബിൽ പാസ്സാക്കിയിട്ട് വല്ല കാര്യവുമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിന്റെ പേര് കേരള പൊതു കെട്ടിട (അനധികൃതകൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ എന്നാണ്. നമ്മുടെ സംസ്ഥാനത്താണെങ്കിൽ 'പൊതു' എന്നു കേട്ടാൽ കൈയേറ്റമെന്നാണ്. ഇവിടെ ഇപ്പോഴേ കൈയേറിയിട്ടുള്ള ആളുകളെ ഒഴിപ്പിച്ചെടുക്കുകയെന്നുള്ള നടപടിയാണ് നഹാസാഹിബ് കൊണ്ടുവരുന്നത്. എന്നാൽ നമ്പാടൻ മാസ്റ്റർ ചോദിച്ചതുപോലെ നമ്മുടെ സംസ്ഥാനത്തെ പൊതു സ്ഥലങ്ങൾ, പുറമ്പോക്കു സ്ഥലങ്ങൾ ഇവയെല്ലാം കോടീശ്വരൻമാരായ ആളുകൾ കൈയടക്കി വച്ചിരിക്കുകയല്ലേ ? മി. നഹാസാഹിബിന്റെ അടുത്തിരിക്കുന്ന റവന്യൂ വകുപ്പുമന്ത്രിയോട് ചോദിച്ചാലറിയാം വണ്ടിപ്പെരിയാറിൽ ആരാണ് നൂറിൽപ്പരം ഏക്കർ കൈവശപ്പെടുത്തിയിരിക്കുന്നതെന്ന് ? ആ ഭൂമി കൈയേറി വച്ചിരിക്കുന്നത് നഹാസാഹിബ്ബിന്റെ ചില ആളുകളാണ്. അവർ ചെറുകിട കച്ചവടക്കാരാണ്. നഹാസാഹിബ്ബിന്റെ പാർട്ടിയിൽപ്പെട്ട ഒന്നോ രണ്ടോ കച്ചവടക്കാരേ ഉള്ളൂ. അതിൽ എനിക്ക് വലിയ ആക്ഷേപമില്ല. വണ്ടിപ്പെരിയാറിൽ ഇപ്പോഴേ കൈയേറി കൈവശം വച്ചിരിക്കുന്ന പ്രമാണി മാരായിട്ടുള്ള ആളുകളെ ഒഴിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാകുമോയെന്നു ഞാൻ ചോദിക്കുകയാണ് ? ഞാൻ പറയുന്നത് 'പൊതു' എന്നു പറയുന്ന വാചകത്തിൽ.....

ശ്രീ. ടി. എസ്. ജോൺ : സർ, ഇതുവരെ സംസാരിച്ചത് ഈ ബില്ലുമായിട്ട് യാതൊരു ബന്ധവുമില്ലാത്ത കാര്യമാണ്. ഈ ബിൽ എന്തിലേയ്ക്കുള്ളതാണെന്ന് ബഹുമാനപ്പെട്ട മെമ്പർ ഒന്നു പറയാമോ ?

ശ്രീ. വി. കെ. രാജൻ : ഞാൻ ടി. എസ്. ജോണിന്റെ ചോദ്യത്തിനു പുറുപടി പറയാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹത്തെപ്പോലെതന്നെ അത്യാവശ്യം ചില കാര്യങ്ങളും എനിക്കുമറിയാം. അദ്ദേഹം ഇതിനെ സംരക്ഷിക്കാൻ ഒരു ശ്രമത്തിരിക്കുന്ന ആളെ ഞാൻ അത് തുറന്നുകാണിക്കാനിരിക്കുന്ന ആളെ. അതു മനസ്സിലാക്കണം കാരണം അവിടെ അതൊക്കെ മൂടിവച്ച് അതിനെനു സ്വതമായി വർത്തമാനം പറഞ്ഞ് ഇരുന്നില്ലെങ്കിൽ കേരളാ കോൺഗ്രസ്സ് ആകുമോ ? കേരളാ കോൺഗ്രസ് ആകണമെങ്കിൽ കൈയേറ്റം വേണം. ഭൂമി കൈയേറുന്നത് പാവപ്പെട്ട കേരളാ കോൺഗ്രസ്സുകാരനല്ല, വൻകിടക്കാരനായ കേരളാ കോൺഗ്രസ്സ് എന്നുപറയുന്ന പ്രമാണിമാരായ ആളുകളാണ്.

ശ്രീ. പി. ജെ. ജോസഫ് : അനധികൃത കൈയേറ്റം എവിടെ ഉണ്ടായിട്ടുണ്ടെന്ന് പരാതി കിട്ടിയതും ശ്രദ്ധയിൽപ്പെട്ടതുമായ മുഴുവൻ കേസ്സുകളിലും നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഇത്തരത്തിൽ കൈയേറ്റമുണ്ടായി നടപടി സ്വീകരിച്ചപ്പോൾ അത് സ്റ്റേ ചെയ്യാൻ വളരെ ശക്തിയായി നിന്നിട്ടുള്ളത് ബഹുമാനപ്പെട്ട മെമ്പർ തന്നെയാണ്. എവിടെ ശ്രദ്ധയിൽവന്നാലും അത് ഒഴിപ്പിക്കാൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. വി. കെ. രാജൻ : എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ നല്ല മനസ്സിനു സന്തോഷമുണ്ട്. എന്നാൽ എന്റെ നിയോജകമണ്ഡലത്തിൽ കൈയേറി എന്നു പറഞ്ഞാൽ അത് ഒരു കടലോര പ്രദേശമാണ്. അവിടെ വനം ഇല്ല, കൈയേറാൻ ഭൂമിയുമില്ല. അവിടെ റോഡുവക്കിലും കുളത്തിന്റെ കരയിലും കടലോരപ്രദേശങ്ങളിലും ആർ സെന്റ് ഒരുസെന്റ് ഭൂമിയിൽ കുടിൽ കെട്ടിതാമസിച്ചിരുന്നത് പട്ടിണിപാവങ്ങൾ ആയിരുന്നു. വണ്ടിപ്പെരിയാറിലെ പോലെ കോടീശ്വരൻമാരല്ല അവിടെ കൈയേറിയത്. നിങ്ങൾ ഇപ്പോൾ പട്ടയം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണമെന്നു പറഞ്ഞാൽ അതിനെ എതിർക്കുന്ന ആളുകളുണ്ടോ ? കോടീശ്വരൻമാരുടെ മാഗസിനല്ലേ ശ്രീ. പി. ജെ. ജോസഫ്. കുളത്തുകൽ പോത്തിനെപോലുള്ള ആളുകളെ സംരക്ഷിക്കുന്ന പണിയൊന്നുമല്ല ഞങ്ങളുടേത് പട്ടിണിപാവങ്ങളായ ആളുകളെ ഒഴിപ്പിക്കാൻ പാടില്ല, പകരം ഭൂമി കൊടുക്കണമെന്നുള്ള ആവശ്യം ഞാൻ മന്ത്രിയുടെ മുമ്പിൽ അവതരിപ്പിക്കുകയും നല്ല മനസ്സോടുകൂടി മന്ത്രി അത് സ്വീകരിക്കുകയും ചെയ്തതിൽ എനിക്ക് സന്തോഷമുണ്ട്. കാരണമെന്താണ് ആയിരക്കണക്കിന് ആളുകളെ പുറമ്പോക്കിൽ കയറിതാമസിച്ചിരുന്നത് അവ സെൻറിലോ ഒരു സെൻറിലോ ആണ്.

ശ്രീ. പി. ജെ. ജോസഫ് : സർ, ഏതെങ്കിലും ഒരാൾക്ക് കൈയേറ്റത്തിന് അനുകൂലമായി ഞാൻ പ്രവർത്തിച്ചതായി മെമ്പർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതിനു നടപടി സ്വീകരിക്കാനും ക്ഷമ പറയാനും ഞാൻ തയ്യാറാണ്. ഒരൊറ്റ കേസ്സിലും അത്തരം ഒരു അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടില്ല.

ശ്രീ. വി. കെ. രാജൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ചോദിക്കുകയാണ് തൃശ്ശൂർ പട്ടണത്തിൽ നാണു എഴുത്തച്ഛനും മുഖ്യമന്ത്രിയുടെ അനുഗ്രഹാശിസ്സോടുകൂടി അന്യായമായി കെട്ടിടം വച്ചത് പൊളിക്കാനായി കോടതി പറഞ്ഞ സ്ഥലം ഏറ്റെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് അധികാരമില്ലെങ്കിൽ അങ്ങ് പാർട്ടിയുടെ ചെയർമാനാണല്ലോ, കെ. എം. മാണിയോട് പറയണം. വളരെ നല്ല ഒരു കാര്യമാണ്. അത് ചെയ്യാമോ ?

ശ്രീ. കാനം രാജേന്ദ്രൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഈ കാര്യം പറഞ്ഞുകൊണ്ടിരിക്കുമ്പോഴേതന്നെ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയത്ത് മടുക്ക എന്ന സ്ഥലത്ത് 335-1 സർവ്വേ നമ്പരിൽ 20 ഏക്കർ സ്ഥലം ഭൂരഹിതരായ കർഷകതൊഴിലാളികൾക്ക് വിതരണം ചെയ്യാൻവേണ്ടി കൊടുത്തിരുന്നത് ഒരു കേരളാ കോൺഗ്രസ്സ് നേതാവ് കൈയേറുകയും അയാളുടെ ദേഹണ്ണങ്ങൾ വെട്ടി നശിപ്പിക്കരുതെന്ന് പറഞ്ഞ് മന്ത്രി സ്റ്റേ കൊടുക്കുകയും ചെയ്തിട്ടുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ ?

ശ്രീ. വി. കെ. രാജൻ : സർ, എനിക്കറിയാം. അതു ശരിയാണെങ്കിൽ ഇപ്പോഴേതന്നെ മന്ത്രിക്ക് ഉത്തരവും പറയാം.

ശ്രീ. പി. ജെ. ജോസഫ് : 20 ഏക്കർ സ്ഥലത്ത് അങ്ങനെ ഒരു പ്രശ്നമുണ്ടായി. ബഹുമാനപ്പെട്ട സാമാജികർ നിയമസഭാസമ്മേളനത്തിനിടയ്ക്കുവന്ന് തൽക്കാലാവശ്യത്തിന് ഒരു മാസത്തേക്ക് സ്റ്റേ തരണമെന്നു പറഞ്ഞുകൊണ്ട് പല സ്റ്റേയും മേടിക്കാറുണ്ട്. അങ്ങനെ ഒരു കാര്യത്തിൽ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ മെമ്പർമാരുടെ നിവേദനത്തിനാണ് സ്റ്റേ കൊടുക്കുന്നത്. അത് ഔദ്യോഗികമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെങ്കിൽ കർശന നടപടികളും ഉണ്ടാകും. അല്ലാതെ ഒരൊറ്റ സ്ഥലത്തും സംരക്ഷണം കൊടുത്തതല്ല.

ശ്രീ. പി. സി. ജോർജ് : സർ, ഈ നിമിഷംവരെയും ഈ ബില്ലിനെപ്പറ്റി ഒരു വാക്കുപോലും ബഹുമാനപ്പെട്ട മെമ്പർ സംസാരിച്ചില്ല. ഇതിൽ പറഞ്ഞിരിക്കുന്നത് ചെറുകിട വ്യവസായങ്ങളും ആ കോർപ്പറേഷന്റെ കീഴിലുള്ളതുമാണ്. കെട്ടിടത്തിൽനിന്ന് ഒഴിവാക്കുന്ന കാര്യങ്ങളാണ്. അതുപോലുള്ള കാര്യങ്ങളും പറയണം. അതിനെപ്പറ്റി രാജൻ ഒന്നും മിണ്ടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ : സർ, ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതിനേക്കാൾ കൂടുതൽ ഈ ബില്ലിന്റെ ഉള്ളിലോട്ട് കടന്നു ഞാൻ സംസാരിക്കും. മി. ജോർജ്.....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ, ഈ ബില്ലിന്റെ കാര്യത്തിലേക്ക് കടക്കൂ.

ശ്രീ. വി. കെ. രാജൻ : സർ, ഞാൻ ബില്ലിന്റെ കാര്യത്തിലേക്ക് കടക്കാം.

ശ്രീ. സിറിയക് ജോൺ : കൽപറയും അതുപോലുള്ള ജില്ലാ ആസ്ഥാനങ്ങളിലുമൊക്കെ അനധികൃതമായി റോഡ്സൈഡിൽ ഉണ്ടായിരുന്ന കെട്ടിടങ്ങൾ പൊളിച്ചുമാറ്റി വളരെ ധീരമായിട്ടുള്ള നടപടി സ്വീകരിച്ചു. ബത്തേരിയിലും അതേ നടപടി സ്വീകരിക്കാൻവേണ്ടിയിട്ട് പോലീസും അതുപോലുള്ള അധികൃതരുമൊക്കെ. അതിനുവേണ്ടിയിട്ടുള്ള എല്ലാ സന്നാഹങ്ങളുമായിട്ട് ചെന്നപ്പോൾ അവിടെ സ്റ്റേ ചെയ്തിരിക്കുന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : എനിക്ക് അത് അറിയാം. കക്ഷി താൽപര്യങ്ങൾക്ക് വേണ്ടി കേരളാ കോൺഗ്രസ്സിൽ രണ്ട് ആളെ കിട്ടാൻവേണ്ടി സ്റ്റേ കൊടുക്കും. അത്തരം ഒരു നടപടിയായിരിക്കും ചെയ്തത്. നമ്മുടെ സംസ്ഥാനത്ത് മിനിവ്യവസായ എസ്റ്റേറ്റുകളും അതുപോലെതന്നെ ചെറുകിട വ്യവസായങ്ങളുമെല്ലാം തകർന്നുകൊണ്ടിരിക്കുന്നുവെന്ന് ഇവിടെ പി. സി. ജോർജ് പറഞ്ഞു. ആ തകർന്ന ആളുകളിൽനിന്ന് വാടക കുടിശ്ശികയുടെ പേരിലോ അല്ലെങ്കിൽ മറ്റ് എന്തിന്റെയെങ്കിലും പേരിലോ ഇത് ഏറെടുക്കാൻ അധികാരം നൽകുന്നതാണല്ലോ ഈ നിയമം ? അതിനു ഇടനൽകപ്പെടുന്ന ഒരു നയമാണ് ഈ ഗവൺമെന്റിനേത്. ഈ ഗവൺമെന്റിന്റെ വ്യവസായ നയമെന്താണ്? അത് ഈ സംസ്ഥാനത്തെ പാവപ്പെട്ട ചെറുകിട കച്ചവടക്കാരെ തുലയ്ക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, കേരളാ കോൺഗ്രസ്സിന്റെ മെമ്പർ വിവരിച്ചതുപോലുള്ള സ്ഥാപിത താൽപര്യങ്ങളൊന്നും ഇനി അനുവദിക്കുകയില്ലെന്ന് കോൺഗ്രസ്സ് തീരുമാനിച്ച കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : അത് ഇന്നലെ 'മാതൃഭൂമി' പത്രത്തിൽകൂടി അശോകൻ എഴുതിയതോടുകൂടി ഏറെക്കുറെ കാര്യങ്ങൾ വ്യക്തമായി. മി. കരുണാകരൻ എഴുതി ഇപ്പോൾ ഈ അടിസ്ഥാനത്തിൽ വയലാർ രവിയുടെ പോലീസ്, മാർക്സിറ്റുകാരുടെ പോലീസ്, മാണിയുടെ ഇടപെടലുകൾ ഇതൊക്കെയല്ലേ... .....

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ ഈ ബില്ലിൽ ഒന്നു സഹകരിക്കണം.

ശ്രീ. വി. കെ. രാജൻ : സർ, ഞാൻ പറഞ്ഞത് വ്യവസായ നയമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഹയർ പർച്ചേസ് എന്ന വ്യവസായമല്ലാതെ എന്തു വ്യവസായമാണ് നടക്കുന്നത് ? നമ്മുടെ സംസ്ഥാനത്ത് ഇല്ലക്ട്രിസിറ്റി കൊടുക്കുന്നുണ്ടോ ? കൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നില്ല. കച്ചവടക്കാർക്ക് കൊടുക്കുന്നില്ല, അതുപോലെതന്നെ മറ്റു വ്യവസായികൾക്കും കൊടുക്കുന്നില്ല. അങ്ങനെ ഇപ്പോൾ ആർക്കെങ്കിലും ഇലക്ട്രിസിറ്റി കൊടുക്കണമെങ്കിൽ കോൺട്രിബ്യൂഷൻ മാറ്റി ഇപ്പോൾ പ്രത്യേകനിരക്കിലാണ്. അങ്ങനെ നമ്മുടെ വ്യവസായത്തെ ദ്രോഹിക്കുന്ന പ്രത്യേകിച്ച് ചെറുകിട വ്യവസായങ്ങളെ ദ്രോഹിക്കുന്ന ഒരു നയസമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിനുശേഷമാണ് ഈ പാവപ്പെട്ട ആളുകളിൽനിന്ന് ഇഞ്ചാത്തിലുള്ള കെട്ടിടങ്ങൾ ഒഴിപ്പിച്ചെടുക്കുന്നത്. ഞാൻ പറയുന്നത് ഈ പാവപ്പെട്ട ആളുകളിൽനിന്ന് ഒഴിപ്പിച്ചെടുക്കേണ്ട. അത്യാവശ്യം ചില ആളുകളിൽനിന്ന് ഒരുപക്ഷേ ഒഴിപ്പിച്ചെടുക്കാം. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു ചോദിക്കുന്നത് നമ്മുടെ സംസ്ഥാനത്തെ കോർപ്പറേഷനുകളുടേയും ബോർഡുകളുടേയും കമ്പനികളുടേയുമെല്ലാം ഡയറക്ടർബോർഡ് മെമ്പർമാരായിരുന്ന ഭരണകക്ഷിക്കാരായ ആളുകളെ എന്താണ് ചെയ്യുന്നത്? അനൗദ്യോഗിക മെമ്പർമാരായിട്ടുള്ള ആളുകളെ ചെയ്യുന്നത് പണ്ടു കാലത്ത് വാടകയ്ക്ക് കൊടുത്തിരുന്ന കെട്ടിടങ്ങൾ ഇപ്പോൾ സ്ഥലസൗകര്യം പോരെന്നു പറഞ്ഞുകൊണ്ട് നൂറോ നൂറമ്പതോ രൂപയ്ക്ക് വാടക കൊടുത്തത് ഒഴിഞ്ഞു കൊടുത്ത് ലക്ഷങ്ങൾ കെട്ടിട ഉടമസ്ഥൻമാരിൽനിന്നു വാങ്ങി ആയിരക്കണക്കിനു രൂപ വാടകയ്ക്ക് കൊടുക്കുന്ന പുതിയ പുതിയ കെട്ടിടങ്ങളെടുത്ത് ഈ വ്യവസായങ്ങളെ നശിപ്പിക്കുന്ന നടപടിയാണ് ഇപ്പോൾ നടക്കുന്നത്. അതിന്റെയ്ക്ക് അതു മനസ്സിലായില്ലെങ്കിലും ശ്രീ. അഹമ്മദിന് അതറിയാം. ഞാൻ പറയുന്നത് പാവപ്പെട്ട ചെറുകിട വ്യവസായികളായിട്ടുള്ള ആളുകളെ ഒഴിപ്പിക്കുമ്പോൾ ചില പ്രത്യേക പരിഗണന വേണം. ഏതു പാർട്ടിയിൽപ്പെട്ട ആളുകളായാലും അത്തരം ആളുകൾക്ക് പുതിയ സംവിധാനം ഉണ്ടാക്കണം സർ? ഒരു കാര്യംകൂടി പറയാനുള്ളത് ഇവിടെയിപ്പോൾ പി. ഡബ്ലിയു. ഡി. കെട്ടിടങ്ങൾ എടുക്കുന്നുണ്ട്. അങ്ങ് ആ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രിയാണല്ലോ? അതിന് വാടക കൊടുക്കാറുണ്ടോ? വാടക കൊടുക്കാറില്ല. അങ്ങനെ ആ വാടക കൊടുക്കാത്തതിന്റെ ഫലമായിട്ട് പല സ്ഥലങ്ങളിലും അതിന്റെ പ്രവർത്തനം നടത്താൻ കഴിയുന്നില്ല. ഞാൻ ചോദിക്കുന്നു, അത്തരം ആളുകൾക്ക് കൃത്യമായി വാടക കൊടുക്കാനുള്ള ഒരു സംവിധാനമുണ്ടോ? നമ്മുടെ സംസ്ഥാനത്ത് കെട്ടിടങ്ങൾ നിർമ്മിക്കുന്നത് വലിയ പണക്കാരാണ്. കള്ളപ്പണമൊക്കെ വെളുപ്പണമാക്കാനുള്ള പ്രവൃത്തിയാണ്. എന്നിട്ട് അതിന് പകിടി മേടിക്കുന്നത് എത്രയാണെന്ന് അങ്ങേയ്ക്ക് അറിയാമോ? രണ്ടുലക്ഷം മുതൽ മൂന്നു ലക്ഷംവരെ പകിടി വാങ്ങുകയാണ്. കാരണം കള്ളപ്പണക്കാർ വെളുപ്പണമാക്കാൻവേണ്ടി കെട്ടിട ബിസിനസ് ഒരു ഗംഫ് മട്ടിലാണ് നടത്തുന്നത്. ആ ആളുകളെക്കൊണ്ട് ചെയ്യിപ്പിച്ച് അങ്ങനെ ഭീമമായ സംഖ്യ തട്ടിയെടുക്കുന്ന ഒരു നടപടി നമ്മുടെ സംസ്ഥാനത്ത് തുടരുകയാണ്. നമ്മുടെ സംസ്ഥാനത്ത് കെട്ടിടം നിർമ്മിക്കുന്നതിന്റെ കാര്യത്തിലും അതുപോലെ കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുമ്പോഴും റെന്റ് കൺട്രോൾ ആക്ട്. എന്തുകൊണ്ട് എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കുന്നില്ല. റെന്റ് കൺട്രോൾ ആക്ട് നടപ്പിലാക്കിയാൽ ഒരു പരിധി വരെ നിൽക്കാം. കുറെ കൃത്യമായി കാര്യങ്ങൾ നടക്കും. ഇവിടെ ഞാൻ പറയുന്നത് കൂടുതൽ സംഖ്യയ്ക്ക് കെട്ടിടങ്ങൾ പണിയുകയും എന്നിട്ട് ചെറിയ സംഖ്യയ്ക്ക് കെട്ടിടങ്ങൾ പണിതു എന്നു സ്ഥാപിച്ച് സർക്കാരിലേക്ക് കണക്കു കൊടുത്തുകൊണ്ട് രക്ഷപ്പെടുന്ന ആളുകളുണ്ട്. അതിനെ തടയുന്ന രീതിയിൽ അത്തരം വൻകെട്ടിടങ്ങൾ ഏറെറടുക്കാൻ നിയമമുണ്ടാകണം. അങ്ങനെ രണ്ടു ലക്ഷത്തിനേറെയും മൂന്നു ലക്ഷത്തിനേറെയും കെട്ടിടമെന്നു പറഞ്ഞ് ഗവൺമെന്റിന് കണക്കു തരികയും അതിനേക്കാൾ കൂടുതൽ ലക്ഷങ്ങളും കോടികളും ചെലവാക്കി കെട്ടിടങ്ങൾ ചെയ്യിച്ചിട്ട് വലിയ സംഖ്യയ്ക്ക് തരുന്ന ആളുകളിൽനിന്ന് അത് ഏറെറടുക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നുമാത്രമേ എനിക്ക് അഭ്യർത്ഥിക്കാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, യഥാർത്ഥത്തിൽ അനധികൃതമായ മുഴുവൻ കൈവശക്കാരേയും ഒഴിപ്പിച്ച് എടുക്കാമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹത്തോടുകൂടിയാണ് ഇത് കൊണ്ടുവരുന്നതെങ്കിലും അത് നടക്കുകയില്ല. ദുർബലൻമാരായിട്ടുള്ള ചിലയാളുകൾക്കെതിരെ ചില നടപടികൾ എടുക്കാമെന്നല്ലാതെ ഇത് ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയില്ല. ഇപ്പോൾ തന്നെ വർഷങ്ങളായി ഇത്തരം സർക്കാർ സ്ഥാപനങ്ങൾ കൈവശം വയ്ക്കുന്നവരുണ്ട്. അവർ ഭരണരംഗത്ത് സ്വാധീനമുള്ള ആളുകളാണ്. അവർക്ക് പലരുടെയും പിടിപാടുണ്ട്. ഇത്തരം ആളുകൾക്ക് എതിരായി യാതൊരു നടപടിയും ഇക്കാര്യത്തിൽ എടുക്കാൻ സാധിക്കുകയില്ല. പിന്നെ ഇങ്ങനെ ഒഴിപ്പിച്ച് എടുക്കേണ്ട സാഹചര്യമുണ്ടായതിനെക്കുറിച്ച് ഇവിടെ ശ്രീ. വി. കെ. രാജനും അതുപോലെതന്നെ ശ്രീ. ജോർജും പറഞ്ഞുകഴിഞ്ഞു. ഈ ഗവൺമെൻറിന്റെ തെറ്റായ നയത്തിന്റെ ഫലമായിട്ടാണ് ചെറുകിട വ്യവസായങ്ങൾ തകരുന്നതും അത് തുടർന്നുകൊണ്ടുപോകാൻ കഴിയാതെ വരുന്നതും. ഇതൊക്കെതന്നെ ഈ ഗവൺമെൻറ് തുടരുന്ന നയത്തിന്റെ ഫലമായിട്ടാണ്. ഈ വ്യവസായ സ്ഥാപനങ്ങൾ എങ്ങനെ നന്നായി മുൻപോട്ട് കൊണ്ടുപോകാൻ കഴിയും, അതിന്റെ അടിസ്ഥാനത്തിൽ എങ്ങനെ പ്രവർത്തിക്കണം എന്നുള്ളതിനെക്കുറിച്ച് ഈ ഗവൺമെൻറിന് ഒരു നയവുമില്ല. അതുകൊണ്ട് ചെറുകിട വ്യവസായങ്ങൾ മുഴുവൻ പൂട്ടുകയാണ്. ഇലക്ട്രിസിറ്റിയുടെ കാര്യം, ഇവിടെ പറഞ്ഞതാണ്. ഇന്നിപ്പോൾ ഇവിടെ സെക്രട്ടേറിയറ്റിന്റെ മുൻപിൽ വലിയൊരു സമരം നടക്കുന്നുണ്ട്. അവർ മുഖ്യമായും ഉന്നയിക്കുന്ന ഒരുകാര്യം സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി ബിരുദധാരികളായ ചെറുപ്പക്കാർ ഈ ഗവൺമെൻറിൽ നിന്ന് ആനുകൂല്യങ്ങളും വാങ്ങി, വ്യവസായം നടത്താൻ ശ്രമിച്ച്, ജപ്തി നടപടികളുമായി കഴിയുകയാണ്. ഇപ്പോഴും ഇലക്ട്രിസിറ്റി കണക്ഷൻ ലഭിക്കാത്തതുകൊണ്ട് അവർ അനുഭവിക്കുന്ന പരിദേവനങ്ങളാണ് അവർക്ക് പറയാനുള്ളത്. ഇത്തരം ധാരാളം പ്രശ്നങ്ങൾ ഉണ്ട്. ഇത്തരമൊരു പ്രശ്നം നിലനിൽക്കുന്ന ഒരു സാഹചര്യമിവിടെ നിലനിൽക്കുമ്പോൾതന്നെ പൊതുവായ സ്ഥലങ്ങൾ നമ്മുടെ ഗവൺമെൻറിന്റേത് എന്നുള്ള നിലയിൽ അത് ആർക്കും എപ്പോഴും കൈവശപ്പെടുത്താം. ഈ അനധികൃത കയ്യേറ്റങ്ങൾ എന്നു പറഞ്ഞാൽ അതിന് ഒരു പരിധിയില്ല. അത് കടലുപോലെ പരന്നു കിടക്കുകയാണ്. ഇങ്ങനെ വ്യാപകമായി കിടക്കുന്ന ഇത്തരം കാര്യങ്ങൾ എങ്ങനെ നടപ്പിലാക്കണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു വ്യക്തമായ ധാരണ വേണം. ഇപ്പോൾ പുറംപോക്കുകളും അതുപോലെതന്നെ സർക്കാർ ഭൂമികളും കയ്യേറുന്നുണ്ട്. അതിനെയൊക്കെ ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായ ഒരു മാനദണ്ഡം ഇപ്പോൾ ഇവിടെയുണ്ടോ ? ഇല്ലല്ലോ. ഭൂമിയില്ലാത്തവർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനുവേണ്ടിയാണ് എന്ന് പ്രഖ്യാപിച്ച് മാറ്റിയിട്ട ഭൂമി കയ്യേറിയതിനെ സംബന്ധിച്ചാണ് ശ്രീ. കാനം രാജേന്ദ്രൻ ഇവിടെ പറഞ്ഞത്. 20 ഏക്കർ ഭൂമി ഭൂമിയില്ലാത്തവർക്ക് പതിച്ചുകൊടുക്കാൻ ഈ ഗവൺമെൻറ് തീരുമാനിച്ചതാണ്. അതിനുവേണ്ടി മാറ്റിയിട്ട ഭൂമി അവിടത്തെ പ്രമാണിമാരായ കേരളാ കോൺഗ്രസ്സിലെ ചിലയാളുകൾ കയ്യേറി. ആ കയ്യേറിയവരെ ഒഴിപ്പിക്കാതിരിക്കുവാൻ റവന്യൂ മന്ത്രി സ്റേ കൊടുത്തു. അപ്പോൾ ഈ ഗവൺമെൻറിന് ഇക്കാര്യത്തിൽ ഒരു നയമുണ്ടോ, ഇല്ലല്ലോ. അപ്പോൾ ഇത്തരം കാര്യങ്ങളൊക്കെ അതിന്റെ ഭാഗമായിട്ട് വരുന്നതാണ്. ഇപ്പോൾ പുറംപോക്കുകളിലും ധാരാളം കയ്യേറ്റങ്ങൾ കേരളാ കോൺഗ്രസ്സുകാർ നടത്തുന്നു. അതുപോലെതന്നെ റോഡുകൾക്കും ഗതാഗതത്തിനും ഒക്കെ തടസ്സമുണ്ടാക്കുന്ന നിലയിൽ പല കയ്യേറ്റങ്ങളും വേറെ നടക്കുന്നു. ഇതൊക്കെ നടക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ ഒഴിപ്പിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

നടക്കുമ്പോഴും ഇപ്പോഴും ഡൽഹിയിൽ വളരെ വിവാദപരമായി പത്രങ്ങളിലെല്ലാം വാർത്ത വന്നതാണ്. ഡൽഹിയിലെ രാജകുടുംബത്തിലെ ഇപ്പോഴും അവശേഷിക്കുന്ന അവകാശികളും എത്രയോ വർഷങ്ങളായി റെയിൽവേ സ്റ്റേഷൻ കൈവശപ്പെടുത്തി അവിടെ താമസിക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന് അവരെ അവിടെ നിന്ന് ഒഴിപ്പിക്കുവാൻ സാധിച്ചിട്ടില്ല. അവരുടെ നായും അവരുടെ കുട്ടിയും കുടുംബവുമായി അവർ ഇപ്പോഴും അവിടെ കഴിയുന്നുണ്ട്. അതുപോലെതന്നെ ലക്നോവിൽ മഗധ രാജ്യത്തിന്റെ അവകാശികളും ഗവൺമെന്റ് സ്ഥാപനം കൈയേറി അവിടെ കിടക്കുകയാണ്. ഇത്തരം ഒരു സ്ഥിതിഗതി പരിഹരിക്കാൻ എന്തുവേണം എന്നുള്ളതിനെക്കുറിച്ച് ചില വ്യക്തതകളും ഉണ്ടാക്കാതെ.....(ബഹളം).....

ശ്രീ. ലോനപ്പൻ നമ്പാടൻ : ഈ കേരളാ കോൺഗ്രസ് എന്നുവച്ചാൽ കയ്യേറ കോൺഗ്രസ്സാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. ഇ. ഇസ്മയിൽ : കേരളാ കോൺഗ്രസ്സിനെക്കുറിച്ച് ചില യാഥാർത്ഥ്യങ്ങളും പറയുമ്പോഴും ടി. എസ്. ജോണിനേപ്പോലുള്ളവർ ചൊടിക്കും. അത് സ്വാഭാവികമാണ്. .....(ബഹളം). .....ഇവിടെ ശ്രീ. നമ്പാടൻ മാസ്റ്റർ ചോദിച്ചത് കേരളാ കോൺഗ്രസ് കയ്യേറ കോൺഗ്രസ് ആണോ എന്നാണ്. ഇത്തരം ചില ആക്ഷേപങ്ങളും ആരോപണങ്ങളും വരുമ്പോഴും അങ്ങനെ ആരെങ്കിലും കേരളാ കോൺഗ്രസ്സിനെ കയ്യേറ കോൺഗ്രസ് എന്ന് പറഞ്ഞാൽ അതിൽ തെറ്റില്ല എന്നാണെന്റെ അഭിപ്രായം. കാഞ്ഞിരപ്പള്ളി താലൂക്കിൽ പ്രകടമായി കേരളാ കോൺഗ്രസ്സുകാർ കയ്യേറിയതാണെന്ന് മന്ത്രി ഇവിടെ പറഞ്ഞതാണല്ലോ ? നമ്മുടെ നിയമസഭയിലെ ഒരംഗം തന്നെ സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് ആണ് സ്റ്റേ കൊടുത്തത് എന്നും റിപ്പോർട്ട് വരുത്തിയതിനുശേഷം പിന്നീട് എന്തുവേണമെന്ന് ഞങ്ങൾ ആലോചിക്കുമെന്നുമാണ് പറഞ്ഞത്. എന്തായാലും അത്തരം സ്ഥിതിഗതികളും ഇന്നിവിടെയുണ്ട്. വ്യാവസായിക രംഗത്തും ഇത്തരം സ്ഥിതിഗതികളും വരുത്തി. ഇപ്പോഴും അവരെ മുഴുവൻ അനധികൃതമായ കയ്യേറക്കാരാണെന്നു പറഞ്ഞുകൊണ്ട് ഒഴിപ്പിക്കാൻ നടപടികളും നടക്കുന്നു. ഇതിൽ ബഹുഭൂരിപക്ഷവും സർക്കാർ ജീവനക്കാരും അതുപോലെതന്നെ ഗവൺമെന്റിൽ സ്വാധീനവും സമ്മർദ്ദവുമുള്ള ആളുകളാണ്. അവർക്കെതിരായി നടപടിയില്ല. അതുപോലെ ഗവൺമെന്റിൽ സ്വാധീനമുള്ള ആളുകളും അവരുടെ കൈവശമാണെന്നു വരുത്തി കണക്കനുസരിച്ച് ഉറുപ്പിക ലാഭം കിട്ടുന്നതിനുവേണ്ടി കൈമാറ്റം നടത്തി മറ്റുള്ളവർക്ക് കൈവശം വയ്ക്കാൻ കൊടുത്തിട്ടുണ്ടെന്നുള്ളതിനു എത്രയോ തെളിവുകളുണ്ട്. രാജ്യത്തിന്റെ പൊതു താല്പര്യങ്ങളെ പരിരക്ഷിക്കത്തക്ക രീതിയിൽ അത് പ്രയോജനപ്പെടുത്തുമെങ്കിൽ നല്ലതാണ്. അതല്ലാതെ ഈ രാജ്യത്തെ ജനങ്ങൾക്ക് ഒട്ടാകെ ദ്രോഹകരമായ രീതിയിൽ മാറുന്നതിനോട് യോജിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഇത് പൊതു അഭിപ്രായത്തിനു വിടണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, ഈ ബില്ലിനെ അതിന്റെ തത്വത്തിൽ അനുകൂലിക്കാമെങ്കിലും ഇതിന്റെ ഉദ്ദേശശുദ്ധിയെ സംബന്ധിച്ച് അത് നടപ്പിലാക്കുമ്പോൾ ഉണ്ടാകാവുന്ന അപകടങ്ങളെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കാതിരിക്കുവാൻ നിവൃത്തിയില്ല. പ്രത്യേകിച്ചും കോർപ്പറേഷൻ, കമ്പനികൾ എന്നീ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ചെറുകിട വ്യവസായികൾക്ക് വാടകയ്ക്ക് നൽകുന്ന കെട്ടിടവും സ്ഥലവുമെല്ലാം ആ വ്യവസായം തകർന്നുപോവുകയോ അല്ലെങ്കിൽ താല്ക്കാലികമായി

LIBRARY ARCHIVES Kerala Legislative Assembly

നിർത്തിവയ്ക്കപ്പെടുകയോ ചെയ്യുമ്പോഴും അടിയന്തിരമായി കോർപ്പറേഷനോ കമ്പനിക്കോ ഒഴിപ്പിച്ചെടുക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടു വന്നിരിക്കുന്നത്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ ചെറുകിട വ്യവസായം തകരുന്നത് ചെറുകിട വ്യവസായികളുടെ കുഴപ്പം കൊണ്ടല്ല. ഇന്നത്തെ ഗവൺമെൻറിന്റെ പുതിയ വ്യവസായ നയവും, ചെറുകിട വ്യവസായത്തിൽകൂടി ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മാർക്കറ്റിൽ വിറ്റഴിക്കുന്നതിനുള്ള അവസരമില്ലായ്മയും, ചെറുകിട വ്യവസായത്തിനു വേണ്ടിവരുന്ന ഇലക്ട്രിസിറ്റിയുടെ ലഭ്യതയില്ലായ്മയും അങ്ങനെ ഒരുപിടി കാരണങ്ങളാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റും അതുപോലുള്ള സ്ഥാപനങ്ങളും അവിടെ പണിയെടുക്കുന്ന കൊച്ചുകൊച്ചു വ്യവസായികളും തകർന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ മുഴുവൻ സ്ഥലവും ഗവൺമെൻറിന് അല്ലെങ്കിൽ കമ്പനിക്ക് ഒഴിപ്പിച്ച് എടുക്കേണ്ടി വരും. അങ്ങനെ എടുക്കേണ്ടിവരുമ്പോൾ ഇങ്ങനെയുള്ള കൊച്ചു ചെറുകിട വ്യവസായികൾക്ക് അവർ കൈവശം വച്ചിരിക്കുന്ന സ്ഥലത്തിന് അല്ലെങ്കിൽ കെട്ടിടത്തിന് അവർക്ക് പ്രൊട്ടക്ഷൻ നൽകേണ്ട ബാദ്ധ്യതകൂടി ഗവൺമെൻറിനുണ്ട്. ഏതെങ്കിലും ഒരു കമ്പനിയുടെ ഡയറക്ടർ ബോർഡ് കൂടിയിരുന്ന് ഈ വ്യവസായം തകർന്നിരിക്കുന്നു. അതുകൊണ്ട് ഈ കെട്ടിടവും സ്ഥലവും അടിയന്തിരമായി ഒഴിപ്പിച്ച് എടുക്കണമെന്ന് തീരുമാനിച്ച് കഴിഞ്ഞാൽ അതിൽനിന്നൊരു പ്രൊട്ടക്ഷൻ ചെറുകിട വ്യവസായികളെ സംബന്ധിച്ച് ഇല്ല. അതുകൊണ്ട് ഈ ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ ചെറുകിട വ്യവസായികൾക്കുകൂടി എന്തെങ്കിലും പ്രൊട്ടക്ഷൻ നൽകത്തക്കവിധത്തിൽ ഒരു സംവിധാനം കൂടി ഉണ്ടാകണമെന്നാണ് ഇക്കാര്യത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമ്മൾ ആദ്യമായി എടുക്കേണ്ടത്.

അതുപോലെ അൺലിമിറ്റഡ് ആയി ഒരു പരിധിയുമില്ലാതെ കമ്പനി ഡയറക്ടർ ബോർഡിനും ഇതുപോലുള്ള ബോർഡുകൾക്കും കൊടുക്കുന്ന അധികാരം. ആ അധികാരത്തിൽ റസ്ട്രിക്ഷൻസ് ഏർപ്പെടുത്തണം. ഇത് പറയുമ്പോൾ ഞാൻ ചോദിക്കുന്നു, അനധികൃതമായി കയ്യേറ്റം നടത്തുന്നവരെ എല്ലാം ഒഴിപ്പിക്കുന്നുണ്ടോ ? അനധികൃതമായി ഇപ്പോഴും പല സ്ഥലങ്ങളിലും കയ്യേറ്റം നടക്കുന്നു. അതിൽ പ്രമാണിമാരും കാശുള്ളവരും കയ്യേറുന്ന സ്ഥലം അതുപോലെ അംഗീകരിച്ച് കൊടുക്കും. ഏതെങ്കിലും പാവപ്പെട്ടവൻ എന്തെങ്കിലും ചെയ്താൽ അടിയന്തിരമായി നിയമത്തിന്റെ ഹസ്തം അവിടെ പാഞ്ഞെത്തി, അവന്റെ കഴുത്തിൽ പിടിച്ച് പുറത്താക്കും. പക്ഷേ കാശുള്ളവൻ ഗവൺമെൻറിൽ സ്വാധീനമുള്ളവൻ, റവന്യൂ ഡിപ്പാർട്ടുമെൻറിനേയും ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിനെയും എല്ലാം സ്വാധീനിക്കാൻ കഴിവുള്ള പ്രമാണിയായിട്ടുള്ളവൻ റവന്യൂ ഭൂമി കയ്യേറിയാലും, ഫോറസ്റ്റ് ഭൂമി കയ്യേറിയാലും അവനെ ഒഴിപ്പിക്കുന്നതിനോ അവന്റെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിനോ ഈ ഗവൺമെൻറ് തയ്യാറല്ല. ഇപ്പോഴും നിയമമുണ്ടോ ഇല്ലയോ എന്നുള്ളതല്ല ചോദ്യം. എല്ലാ ആളുകൾക്കും ഒരുപോലെ സ്വാധീനമുള്ളവനും കാശുള്ളവനും ഇല്ലാത്തവനും മതപ്രമാണിക്കും എല്ലാവർക്കും നിയമം ഒരുപോലെ വ്യാഖ്യാനിക്കുവാനും നീതി ലഭിക്കുവാനുമുള്ള ഒരു സംവിധാനം ഇന്നുണ്ടോ ?. ഇന്ന് ഇല്ലാത്തത് അതുമാത്രമാണ്. നിയമം ഇവിടത്തെ പ്രമാണിമാർക്കു വേണ്ടിയും ഇവിടത്തെ മതമേധാവികൾക്കു വേണ്ടിയും ഇവിടത്തെ വർഗ്ഗീയ പ്രമാണിമാർക്കുവേണ്ടിയും മാത്രമാണ്. നിയമം അവർക്കുവേണ്ടി വ്യാഖ്യാനിക്കപ്പെടുന്നു. ഗവൺമെൻറിൽ സ്വാധീനമുണ്ടെങ്കിൽ ആരെങ്കിലും ഒഴിപ്പിക്കുമോ ? അതുകൊണ്ട് ഈ നിയമം ചർച്ച ചെയ്യപ്പെടുമ്പോൾ സകലയാളുകൾക്കും ഒരുപോലെ നീതി ലഭിക്കത്തക്കവിധത്തിൽ നീതിയുടെ ലഭ്യത ഉറപ്പ് വരുത്തണം. അതുപോലെ ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായികളെ സംബന്ധിച്ച് അവർക്ക് പ്രൊട്ടക്ഷൻ നൽകുന്നതിനുള്ള സംവിധാനം കൂടി ഉണ്ടാകണം എന്നു മാത്രമേ ഞാനിപ്പോൾ പറയുന്നുള്ളൂ.

ശ്രീ. ടി. എസ്. ജോൺ : സർ, ഞാൻ ഇതിനെ അനുകൂലിക്കുകയാണ്. ചെറുകിട വ്യവസായ വികസന തൊഴിൽ കോർപ്പറേഷന്റെ കീഴിൽ വ്യവസായ കോർപ്പറേഷന്റെ പേരിൽ ധാരാളം കെട്ടിടങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ആ കോർപ്പറേഷനെക്കൂടി ഇതിൽ ഉൾപ്പെടുത്തി ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമമാണ് ഉണ്ടാക്കിയിട്ടുള്ളത്. ഈ കെട്ടിടങ്ങളെല്ലാം ചെറുകിട വ്യവസായികളെന്നും വൻകിട വ്യവസായികളെന്നും പറഞ്ഞ് കുറെയാളുകൾ വാടക കൊടുക്കാതെ കൈവശംവച്ചുകൊണ്ടിരിക്കുകയാണ്. നഷ്ടത്തിൽ നടക്കുന്ന വ്യവസായിയും കൊടുക്കുന്നില്ല, ലാഭത്തിൽ നടക്കുന്ന വ്യവസായിയും വാടക കൊടുക്കുന്നില്ല. വ്യവസായം നടത്താതെ വാടക കൊടുക്കാതെ കൈവശംവച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുത മനസ്സിലാക്കിക്കൊണ്ട് അവരെ ഒഴിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമത്തെ ഞാൻ അനുകൂലിക്കുന്നു. അതോടൊപ്പം തന്നെ ഈ നിയമത്തെക്കുറിച്ച് പറയാതെ ഈ രാജ്യത്ത് ഇവിടെ കയ്യേറ്റം നടത്തിയിട്ടുണ്ട്. അത് കേരളാ കോൺഗ്രസുകാരാണ് എന്ന് ബഹുമാന്യനായ നമ്പാടൻ മാസ്റ്റർ വരെ പറയുകയുണ്ടായി. അദ്ദേഹത്തെക്കുറിച്ച് ഓർക്കുമ്പോൾ എനിക്ക് സങ്കടമുണ്ട്. കേരളാ കോൺഗ്രസ് ലേബലിൽ എം.എൽ.എ. ആകുകയും മന്ത്രിയാകുകയും ചെയ്ത അദ്ദേഹം കേരള കോൺഗ്രസിനെ കയ്യേറ്റം നടത്താൻ ശ്രമിച്ചു. അപ്പോൾ ഞങ്ങൾ പുറത്താക്കി. അദ്ദേഹം പാർട്ടിയെ വഞ്ചിച്ചതുകൊണ്ട് അദ്ദേഹത്തെ പുറത്താക്കി. ഈ രാജ്യത്ത് ആര് കയ്യേറിയാലും അവരെ പുറത്താക്കും. ശ്രീ. നമ്പാടൻ മാസ്റ്ററെയുൾപ്പെടെ പുറത്താക്കും. അങ്ങനെ ഈ രാജ്യത്ത് പുറമ്പോക്ക് ആര് കയ്യേറിയാലും അവരെ പുറത്താക്കണമെന്നുള്ള വ്യക്തമായ അഭിപ്രായമാണ് കേരള കോൺഗ്രസ് പാർട്ടിക്കുള്ളത്. നാട്ടിൻപുറങ്ങളിൽ റോഡിലേക്ക് കയ്യേറി പലരും കെട്ടിടം വച്ചിരിക്കുകയാണ്. അത് ഒഴിപ്പിക്കും. അത് ഒഴിപ്പിക്കാൻ വരുമ്പോൾ സ്റ്റേ വേണമെന്ന് ആവശ്യപ്പെടുന്നത് ബഹുമാന്യനായ പ്രതിപക്ഷനേതാക്കൻമാരാണ്. അങ്ങനെ സ്റ്റേ വാങ്ങാതിരുന്നാൽ ഈ രാജ്യത്തെ എല്ലാ പൊതു സ്ഥലങ്ങളിൽനിന്നും കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ കഴിയും. അങ്ങനെ പൊതു സ്ഥലങ്ങളിൽനിന്നും പൊതു കെട്ടിടങ്ങളിൽ നിന്നും കയ്യേറ്റക്കാരെ ഒഴിപ്പിക്കുക എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. അങ്ങനെ ഒഴിപ്പിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. സിറിയക് ജോൺ : പ്രതിപക്ഷ അംഗങ്ങളോ അല്ലെങ്കിൽ പ്രതിപക്ഷ നേതാക്കൻമാരോ ആണ് ഈ സ്റ്റേ വാങ്ങുന്നത് എന്ന് ഇങ്ങനെ മൊത്തത്തിൽ പറയുന്നത് ശരിയല്ല. ഇന്നോളം ഒരു സ്റ്റേക്കു പോലും പോയിട്ടില്ലാത്ത എത്രയോ അംഗങ്ങൾ ഒരുപക്ഷേ പ്രതിപക്ഷത്തും ഭരണകക്ഷിയിലുമുണ്ടാകും. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ മുഴുവൻ ആളുകളെയും ഈ കാര്യത്തിൽ അടക്കി പറയുന്നത് ആർക്കും ഭൂഷണമല്ല. അത് ബഹുമാനപ്പെട്ട മെമ്പർ ഒന്ന് ശ്രദ്ധിക്കണം.

ശ്രീ. ടി. എസ്. ജോൺ : ഞാൻ പറഞ്ഞത് ശരിയായിട്ട് ശ്രദ്ധിക്കാത്തതുകൊണ്ടാണ് ശ്രീ. സിറിയക് ജോൺ ഇങ്ങനെ പറയുന്നത്. പ്രതിപക്ഷത്തെ നേതാക്കൻമാരിൽ ചിലരെങ്കിലും പോകുന്നുണ്ട് എന്നാണ് ഞാൻ പറഞ്ഞത്. ശ്രീ. സിറിയക് ജോണിനെപ്പോലെയുള്ള ആളുകൾ പോയിട്ടുണ്ടാകാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇടയുണ്ട്. അതുകൊണ്ട് കയ്യേറ്റം നടത്തുന്നവരെ ഒഴിപ്പിക്കാനുള്ള ശക്തമായ നടപടികളുമായി ഗവൺമെൻറ് മുന്നോട്ട് നീങ്ങുമ്പോൾ കയ്യേറ്റക്കാർക്കുവേണ്ടി പോകാതിരിക്കാൻ ബഹുമാനപ്പെട്ട മെമ്പർമാർ ഒരു തീരുമാനമെടുക്കണം. അങ്ങനെ ഈ കയ്യേറക്കാരെ മുഴുവൻ ഒഴിപ്പിക്കണം. ഗവൺമെൻറ് വസ്തുവിൻമേൽ കെട്ടിടം വയ്ക്കുകയും ഉണ്ടാക്കിയ കെട്ടിടം കയ്യേറി അതിൽ താമസിക്കുകയും ചെയ്യുന്ന ധാരാളം ആളുകൾ ഈ രാജ്യത്തുണ്ട്. അവരെയെല്ലാം ഒഴിപ്പിച്ച് ഗവൺമെൻറിൻെറ സ്വത്ത് സംരക്ഷിക്കണം. അതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ നിയമത്തെ അനുകൂലിച്ചുകൊണ്ട് നിറുത്തുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അബുക്കാദർകുട്ടിനഹ) : സർ, 1968-ലെ കേരള പൊതു കെട്ടിട അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ ആക്ടിൽ ഗവൺമെൻറിൻെറ കെട്ടിടവും തദ്ദേശാധികാര സ്ഥാപനങ്ങളുടെ കെട്ടിടങ്ങളും മാത്രമെ ഉൾപ്പെട്ടിരുന്നുള്ളു. കെട്ടിടത്തിൻെറ നിർവ്വചനത്തിൽ കൂടുതൽ മേഖലകൾ ഉള്ള ഗവൺമെൻറ് കമ്പനികളുടെയും കോർപ്പറേഷനുകളുടെ കെട്ടിടങ്ങൾകൂടി ഉൾപ്പെടുത്തണമെന്നുള്ള ഭേദഗതിയാണ് ഞാൻ ഇവിടെ അവതരിപ്പിച്ചത്. അതിനുവേണ്ടി ഒരു എസ്റ്റേറ്റ് ആഫീസറെ നിയമിക്കണമെന്നും ആ ബില്ലിലുണ്ടായിരുന്നു. സബ്ജക്ട് കമ്മിറ്റിക്ക് പോയപ്പോൾ ആ എസ്റ്റേറ്റ് ആഫീസർ ആരായിരിക്കണമെന്നുള്ള ഒരു തീരുമാനമുണ്ടായി. ഒരു ഇൻഡസ്ട്രീസ് ഡെപ്യൂട്ടി ഡയറക്ടറുടെ താഴെയല്ലാത്ത ഗ്രേഡിലുള്ള ഒരാഫീസറായിരിക്കണമെന്നുള്ള ഒരു തീരുമാനത്തോടുകൂടിയാണ് സബ്ജക്ട് കമ്മിറ്റി ബിൽ പാസ്സാക്കി അയച്ചത്. അതിനെ സംബന്ധിച്ച് ഡിസെൻറിംഗ് നോട്ടോ എതിരഭിപ്രായമോ യാതൊന്നും ഉണ്ടായിരുന്നില്ല. ഈ സഭയിലും അത് ഉണ്ടായിട്ടില്ല. ഇപ്പോഴും ഉണ്ടായിട്ടില്ലെന്നാണ് എൻെറ അഭിപ്രായം. കെട്ടിടങ്ങൾ ഒഴിപ്പിക്കൽ എന്ന് പറയുമ്പോൾ അതിൻെറ പരിധിയിൽ അനധികൃത ഭൂമി കയ്യേറ്റവും വ്യവസായങ്ങളുടെ സംരക്ഷണവുമെല്ലാം ഉൾപ്പെടുത്തിക്കൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സംസാരിച്ചത്. ബഹുമാനപ്പെട്ട ഡോക്ടർ സുബ്ബറാവു അദ്ദേഹത്തിൻെറ പ്രസംഗത്തിനിടയിൽ ഇത് ഇത്രയും അടിയന്തിരമായി കൊണ്ടുവരേണ്ട ആവശ്യമെന്താണെന്ന് ചോദിക്കുകയുണ്ടായി. ഇത് വളരെ താമസിച്ചാണ് കൊണ്ടുവന്നത്, എന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം. കാരണം 1979-ൽ അദ്ദേഹത്തിൻെറ നേതാവായ ശ്രീ. പി. കെ. വി. മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. പങ്കജാക്ഷൻ പ്രൊപ്പോസൽ കൊണ്ടുവരികയും കൃബിനറ് അതിന് അപ്രൂവൽ കൊടുക്കുകയും ചെയ്തത്. അതിനുശേഷം അധികാരത്തിൽവന്ന നായനാർ മന്ത്രിസഭയിലും പൊതുമരാമത്തു വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. എം. അബൂബേക്കർ രണ്ടാമത് ഈ ബിൽ കൗൺസിലിൽ കൊണ്ടുവരികയും നായനാരുടെ ഗവൺമെൻറ് അത് അപ്രൂവ് ചെയ്യുകയും ആ ബിൽ പബ്ലിഷ് ചെയ്യുകയും ചെയ്തു. എന്നിട്ടും താമസിച്ചു എന്നുള്ളതാണ് വാസ്തവത്തിലുണ്ടായത്. ഒട്ടും ഫ്രീലിയനല്ല എന്നാണ് എൻെറ അഭിപ്രായം. എന്തായാലും ഇവിടെ പറഞ്ഞതുപോലെ..... ....

ഡോ. എ. സുബ്ബറാവു : എത്ര കേസ് എടുത്തുവെന്നാണ് ഞാൻ ചോദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അബുക്കാദർകുട്ടി നഹ : കേസ് നടത്തിയതിന്റെ കണക്ക് ഇപ്പോഴും എന്റെ കൈവശമില്ല. മുൻകൂട്ടി നോട്ടീസ് തന്നാൽ അതിന് മറുപടി പറയാം. ഇവിടെ വ്യവസായികളും അനുവേക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാക്കിയിട്ടുവേണം കൂടി ഒഴിപ്പിക്കാൻ എന്നുള്ള ഒരു നിർദ്ദേശം വന്നിട്ടുണ്ട്. അത് ചെയ്യേണ്ടത് വ്യവസായ ഡിപ്പാർട്ടുമെന്റാണ്. ന്യായമായി അവരുടെ പ്രാതികൾ അവർക്ക് സമർപ്പിക്കാനുള്ള ധാരാളം അവസരങ്ങളുണ്ട്. അങ്ങനെ ചെയ്താൽ അതിനു പരിഹാരമുണ്ടാക്കി ഒഴിപ്പിക്കാതിരിക്കാനുള്ള സാദ്ധ്യത അവർക്ക് ആരായാം. വിപുലമായ അടിസ്ഥാനത്തിൽ അതിന് എപ്പോഴും ചാൻസുണ്ട്. അതിന് ഒഴിപ്പിക്കൽ നിയമം എതിരല്ല. അനധികൃതമായി കൈമാറ്റം ചെയ്യുന്ന ബിൽഡിംഗ്സ് മാത്രമേ ഇതിന്റെ പരിധിയിൽ വരുന്നുള്ളു. ഇത് പ്രത്യേകമായി എതിർക്കേണ്ട കാര്യമില്ല. ഏത് ഗവൺമെന്റ് വന്നാലും എല്ലാവർക്കും ഇത് ആവശ്യമാണ്. ആദ്യമായി 1975-ൽ നമ്മുടെ സംസ്ഥാനത്തൊട്ടാകെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വന്നതോടുകൂടിയാണ് ഇതിന്റെ ആവശ്യം മുന്നോട്ടു വച്ചത് എന്നുള്ള കാര്യം മെമ്പർമാർ ഓർക്കുന്നുണ്ടാകും. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നതും അതിന് ആവശ്യമായ ഒരു ബിൽ ഇപ്പോഴും സമർപ്പിച്ചതും. റെന്റ് കൺട്രോൾ ആക്ട് നടപ്പാക്കിയാൽ എല്ലാ ബുദ്ധിമുട്ടും തീരുമെന്നാണ് ബഹുമാനപ്പെട്ട രാജൻ ഇവിടെ പറഞ്ഞത്. ആവശ്യപ്പെടുന്ന എല്ലാ പഞ്ചായത്തുകളിലും റെന്റ് കൺട്രോൾ ആക്ട് പാസ്സാക്കിയിട്ടുണ്ട്.

സർ, ആവശ്യമില്ലാത്ത പഞ്ചായത്തുകളുടെമേൽ ഈ നിയമം വച്ചുകെട്ടാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല എന്നു മാത്രമെയുള്ളു. അതുപോലെ പി. ഡബ്ല്യു. ഡി. വാടക കൊടുക്കുകയില്ല എന്ന് ഇവിടെ പറഞ്ഞു. പി. ഡബ്ല്യു. ഡി. അല്ല മുമ്പത്തെപോലെ ഇപ്പോഴും വാടക കൊടുക്കുന്നത്. അതാത് ഡിപ്പാർട്ടുമെന്റ് എടുക്കുന്ന കെട്ടിടങ്ങൾക്ക് അതാത് ഡിപ്പാർട്ടുമെന്റാണ് വാടക കൊടുക്കുന്നത്. അതിൽ പി. ഡബ്ല്യു. ഡി.ക്ക് പ്രത്യേകമായ ബാദ്ധ്യതയൊന്നുമില്ല. പി. ഡബ്ല്യു. ഡി. സ്വന്തം ഓഫീസുകൾ നടത്തുന്ന വല്ല കെട്ടിടങ്ങൾക്കും വാടക കൊടുക്കാതെയുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ അതിനാവശ്യമായ പരിഹാരമുണ്ടാക്കാമെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്.

വൈദ്യുതി കണക്ഷൻ, ഉൽപ്പാദനം, മാർക്കറ്റ് ഇതെല്ലാം ഉണ്ടാക്കിയതിനുശേഷമേ ഒഴിപ്പിക്കാൻ പാടുള്ളുവെന്നു പറഞ്ഞാൽ അതൊന്നും ഈ ഡിപ്പാർട്ടുമെന്റ് ചെയ്യേണ്ട കാര്യമല്ല. അതെല്ലാം വ്യവസായ ഡിപ്പാർട്ടുമെന്റുമായും ഗവൺമെന്റുമായും ചർച്ചചെയ്ത് ആവശ്യമായ പരിഹാരം ഉണ്ടാക്കാൻ സാധിക്കും. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതുപോലെ പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

ഡോ. സുബ്ബറാവു അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1986-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം വകുപ്പ്

Shri Varkala Radhakrishnan : Sir, I move that in clause (a) proposed to be inserted in section 2 of the principal Act by clause 2 after the words "means a company" add the words "lawfully functioning".

സർ, എന്റെ ഈ ഭേഗതികൊണ്ട് ഉദ്ദേശിക്കുന്നത് ഇന്ന് വന്നിരിക്കുന്ന വ്യവസ്ഥ അവ്യക്തമാണെന്നാണ്. കമ്പനി എന്നുള്ള നിർവ്വചനത്തിൽ സബ്സിഡിയറി എന്നു പറഞ്ഞ് പല കമ്പനികളും പ്രവർത്തിക്കാറുണ്ട്. പ്രധാന കമ്പനിയുടെ സബ്സിഡിയറി എന്ന് അവകാശപ്പെടുന്ന കമ്പനിയിൽ പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാകാറില്ല. ഒടുവിൽ ട്രാൻസാക്ഷൻസുമെല്ലാം നടന്ന് കുഴപ്പങ്ങളുണ്ടാകുമ്പോൾ കമ്പനി പറയും. ഇതു ഞങ്ങളുടെ സബ്സിഡിയറി കമ്പനിയല്ല. ഇതുമായി ഞങ്ങൾക്ക് യാതൊരു ബന്ധവുമില്ലായെന്ന നിലപാട് എടുക്കാറുണ്ട്. പത്രങ്ങളിൽ അങ്ങനെ പലപ്പോഴും വരാറുമുണ്ട്. ഇത് ഒഴിവാക്കാൻവേണ്ടി നിയമാനുസൃതമുള്ള സബ്സിഡിയറി കമ്പനികൾ ഒന്നു വ്യക്തമാക്കണം. അങ്ങനെ നിയമാനുസൃതമായി പ്രവർത്തിക്കുന്ന സബ്സിഡിയറി എന്നു ഭേഗതി വരുത്തിയാൽ ആ കമ്പനികളുടെ നിർവ്വചനത്തിൽ വല്ല വ്യത്യാസവും വരുത്താൻ കഴിയും. അങ്ങനെ അപകടം ഒഴിവാക്കാൻ കഴിയും. പൊതുജനങ്ങൾ അങ്ങനെ വഞ്ചിതരാകാതിരിക്കുകയും ചെയ്യും. ഈ പരിതസ്ഥിതിയിൽ "lawfully functioning" എന്നുള്ള എന്റെ ഭേഗതി സ്വീകരിക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുകയാണ്. കമ്പനി എന്നുള്ള നിർവ്വചനത്തിലുള്ള അവ്യക്തത മാറാനുള്ള ഈ ഭേഗതി മന്ത്രിക്കു സ്വീകാര്യമാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ഈ ഭേഗതികൊണ്ട് പ്രത്യേകമായി യാതൊരു കാര്യവും പരിഹരിക്കപ്പെടുകയില്ല. കമ്പനി എന്നുപറഞ്ഞാൽ lawfully രജിസ്റ്റർ ചെയ്ത കമ്പനികളാണ്. അതിൽ സബ്സിഡിയറി കമ്പനികളുണ്ടെങ്കിൽ ആ കമ്പനി ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത് ആ കെട്ടിടം ഒഴിപ്പിച്ചു കൊടുക്കണമെന്നാണ്. നിയമപ്രകാരം രജിസ്റ്റർ ചെയ്ത കമ്പനികൾ ആവശ്യപ്പെടുമ്പോൾ ആ കമ്പനിക്കുവേണ്ടിയോ, ആ കമ്പനിയുടെ സബ്സിഡിയറി ആവശ്യത്തിനോ അത് ഒഴിപ്പിച്ചുകൊടുക്കാൻ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. അതിൽ "lawfully functioning" എന്നു ചേർത്തിട്ടില്ലെങ്കിലും purpose serve ചെയ്യാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്നുള്ള പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി തീർന്നു.

മൂന്നാം വകുപ്പ്

Shri Kanam Rajendran : Sir, I move that in the proviso to clause (a) of section 3 of the principal Act proposed to be substituted by clause 3, in item (ii) delete the words "not below the rank of a Deputy Director of the Industries Department".

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചാവേളയിൽ വ്യക്തമായി കൊണ്ടുവന്ന ഒരു കാര്യത്തിനുവേണ്ടിയാണ് ഞാൻ ഭേദഗതി അവതരിപ്പിക്കുന്നത്. ആ ആശയത്തോട് എനിക്ക് വിയോജിപ്പില്ല. അതേസമയം അതിൽ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടാകുമെന്നാണ് എനിക്കു തോന്നുന്നത്. സർ, കമ്പനികളിലെല്ലാം ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിലെ ഡെപ്യൂട്ടി ഡയറക്ടറുടെ റാങ്കിനു മുകളിലുള്ള ഓഫീസർമാരാണ് ആ റാങ്കിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കണമെന്ന എനിക്ക് നിർബന്ധമില്ല. അതിൽനിന്നും ഇപ്പോൾ ഗവൺമെന്റ് കമ്പനികളിലേക്ക് ആളുകളെ അയയ്ക്കുന്നതുകൊണ്ട് Deputy Director of the Industries Department-ന്റെ റാങ്കിൽ കുറയാത്ത ഓഫീസർ എന്നുള്ള സബ്ജക്ട് കമ്മിറ്റി കൊണ്ടുവന്ന ഭേദഗതി ഡെലിറ്റു ചെയ്താൽ അതുകൊണ്ട് യാതൊരു അപകടവും ഇല്ല. അതുകൊണ്ട് പ്രായോഗികമായ വൈഷമ്യങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ഒരു ഭേദഗതി കൊണ്ടുവരുന്നതിനുപകരം എന്റെ ഈ ഭേദഗതി അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

Shri Vatkala Radhakrishnan: Sir, I move that in the proviso to clause (a) of section 3 of the principal Act proposed to be substituted by clause 3 in item (ii) for the words "Deputy Director of the Industries Department" substitute the words "Deputy Collector of the Revenue Department".

സർ, എന്റെ ഭേദഗതി ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതിയിൽനിന്നും ഭിന്നമാണ്. കാരണം ആ ഉദ്യോഗസ്ഥന്റെ പദവി നിർണ്ണയിക്കണം. മൂലനിയമത്തിൽ ഡിസ്ട്രിക്ട് കളക്ടർ എന്നു മാത്രമാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ ഈ നിയമത്തിൽ ഇൻഡസ്ട്രീസ് എന്നുകൂടി ചേർത്തു. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിലെ ഡെപ്യൂട്ടി ഡയറക്ടറുടെ പദവി എന്നാണ്. അതു പോരാ, കാരണം റവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനെയാണ് മൂലനിയമത്തിൽ ചേർത്തിട്ടുള്ളത്. Not below the rank of a Deputy Collector എന്നു മൂലനിയമത്തിൽ ചേർത്തിരിക്കുന്നു. അതിൽനിന്നും വ്യതിചലിച്ച് ഇപ്പോൾ Deputy Director of Industries Department ആ രീതിയിലേക്ക് നമ്മൾ വ്യതിചലിക്കുമ്പോൾ റവന്യൂ ഡിപ്പാർട്ടുമെന്റിൽ തത്തുല്യമായ തസ്തികകൾ നിലവിലുണ്ട്, Deputy Collector ആ ഡെപ്യൂട്ടി കളക്ടറുടെ പദവിയിലുള്ള ഉദ്യോഗസ്ഥൻമാരും ഈ സ്ഥാപനങ്ങളിൽ ഉദ്യോഗങ്ങളിൽ വരാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. വാസ്തവത്തിൽ ഇതിനെ ഇക്വേറ്റു ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ട് ആ ഇക്വേറ്റു ചെയ്യാനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഞാൻ എന്റെ ഭേദഗതി എഴുതി ചേർത്തിട്ടുള്ളത്. "Deputy Collector of the Revenue Department" ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിലെ ഡെപ്യൂട്ടി ഡയറക്ടർ ആരായിരിക്കണമെന്നുള്ളതാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. റവന്യൂ ഉദ്യോഗസ്ഥൻമാർ എന്നു ചേർത്താൽ കുറേക്കൂടി വ്യക്തതയും കുറേക്കൂടി പ്രായോഗിക വൈഷമ്യങ്ങളും ഒഴിവാക്കാൻ കഴിയും. അതിനുവേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായി മനസ്സിലാക്കി അത് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അബുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ പറഞ്ഞത് പ്രത്യേകമായി ഉദ്യോഗസ്ഥനെ നിർവ്വചിക്കേണ്ട ആവശ്യമില്ലെന്നാണ്. അങ്ങനെ നിർവ്വചിക്കാതെ വിടുന്നതി

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ലെന്നു സബ്ജക്ട് കമ്മിറ്റിക്കു തോന്നിയതുകൊണ്ടാണ് ഇങ്ങനെ ഈ റാങ്കിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനെ വേണമെന്ന് സബ്ജക്ട് കമ്മിറ്റി യുടെ നിർദ്ദേശം സായി തീരുമാനിച്ചത്. അതുകൊണ്ട് ആ ഭേദഗതി അദ്ദേഹം പിൻവലിക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്.

ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ പറഞ്ഞത്, ഇതു കമ്പനികളുടെ കാര്യമായതുകൊണ്ട് കമ്പനികളുടെ സ്കെയിൽ ഇക്കോറു ചെയ്യാൻ കമ്പനി കളുടെ ഉദ്യോഗസ്ഥൻതന്നെ ആയിരിക്കും നല്ലതെന്നുള്ള നിലയിലാണ്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിലെ ഡെപ്യൂട്ടി ഡയറക്ടർക്കു താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ആയിരിക്കണമെന്നാണ് പറയുന്നത്. ഡെപ്യൂട്ടി ഡയറ ക്ടറുടെയും ഡെപ്യൂട്ടി കളക്ടറുടെയും ഗ്രേഡും സ്കെയിലും തമ്മിൽ അൽപ്പസ്വൽപ്പമേ വ്യത്യാസമുള്ളു. 1600 ആണ് ഡെപ്യൂട്ടി ഡയറക്ടറുടെ സ്കെയിൽ. 1500 ആണ് ഡെപ്യൂട്ടി കളക്ടറുടെ സ്കെയിൽ. ആ സ്കെ യിലിൽ വലിയ അന്തരമില്ലാത്തതുകൊണ്ട് ഇക്കോറേറ് ചെയ്യാൻ സൗകര്യമു ള്ളത് അതേ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥനായതുകൊണ്ടാണ് ഇൻഡ സ്ട്രീസ് ഡിപ്പാർട്ടുമെന്റിലെ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ താഴെ അല്ലാത്ത ഒരു ഉദ്യോഗസ്ഥനായിരിക്കണമെന്ന് തീരുമാനിച്ചത്. അതു കൊണ്ട് ശ്രീ. വർക്കല രാധാകൃഷ്ണന്റെ ഭേദഗതി പിൻവലിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാ കരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിതീർന്നു 4 മുതൽ 9 വരെ വകുപ്പു കൾക്ക് ഭേദഗതിയില്ല.

4 മുതൽ 9 വരെയുള്ള വകുപ്പുകൾ

4 മുതൽ 9 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

4 മുതൽ 9 വരെ വകുപ്പുകൾ ബില്ലിന്റെ ഭാഗമായി തീർന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി തീർന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ):

1986-ലെ കേരള പൊതു കെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതിബിൽ പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ്: സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ നിയമം പാസാക്കുന്നതിനോട് തത്വപരമായി എനിക്ക് എതിർപ്പില്ല. പാസാക്കേണ്ടതാവശ്യമാണ്. എന്നാൽ ഗവൺമെന്റ് ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ ഇതുവസരത്തിൽ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇങ്ങനെയൊരു ഒഴിപ്പിക്കൽ നടപടി ആവശ്യമായിത്തീരും. അതിനുവേണ്ടി നിയമത്തിൽ ഭേദഗതി കൊണ്ടു വരുന്നതു ശരിയാണ്. എന്നാൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇന്ന് സാർവ്വത്രികമായൊരു പരാതി നിലവിലുണ്ട്. ഗവൺമെന്റ് പല കെട്ടിടങ്ങളും അനധികൃതമായി കൈവശംവച്ചു കൊണ്ടിരിക്കുന്നു. സർക്കാർ ഓഫീസുകളുടെ ആവശ്യത്തിനായാലും പൊതു ആവശ്യത്തിനുവേണ്ടിയായാലും ഈ രാജ്യത്തെ പാവപ്പെട്ടവരുടെ പല കെട്ടിടങ്ങളും സർക്കാർ അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുകയാണ്. അങ്ങിനെയുള്ള നിരവധി കേസുകൾ നമ്മുടെ രാജ്യത്തെ കോടതികളിൽ ഇന്നും നിലവിലുണ്ട്. നിയമാനുസൃതമായി ഒഴിപ്പിക്കലിനുള്ള നോട്ടീസ് കൊടുത്തിരുന്നാലും സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകൾ കെട്ടിടങ്ങൾ ഒഴിഞ്ഞുകൊടുക്കാറില്ല. പല പട്ടണങ്ങളിലും നഗരപ്രാന്തപ്രദേശങ്ങളിലുള്ള പല സ്ഥലങ്ങളിലും സർക്കാർ ആളിമുഖത്തിൽ എടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് ന്യായമായ വാടക കൊടുക്കാറില്ല. കൊടുക്കുന്ന വാടകതന്നെ വളരെ പരിമിതമാണ്. നിവിഷന്റെ കാലാവധിവച്ചിരിക്കുന്നത് മൂന്നുവർഷമാണ്. മൂന്നുവർഷത്തിനിടയിൽ ഒരു നിവിഷനുണ്ടാകുകയെന്നുള്ളതു വളരെ പ്രയാസമേറിയകാര്യമാണ്. കെട്ടിടങ്ങളുടെ വാടകവാങ്ങി ജീവിത മാർഗ്ഗം തേടുന്ന നിരവധി പാവപ്പെട്ടയാളുകൾ ഈ രാജ്യത്തുണ്ട്. പട്ടണി പ്രദേശങ്ങളിലുണ്ട്. അവരെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമേറിയ ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. അതുകൊണ്ട് ഗവൺമെന്റിന് ധാർമ്മികമായ ചുമതലയുണ്ട്. ഒന്നാമത് വാടകയെ സംബന്ധിച്ച് നിവിഷനുവേണ്ടിയുള്ള നടപടിക്രമമുണ്ടാകണം. തിരുവനന്തപുരം നഗരത്തിലായാലും എറണാകുളത്തായാലും വലിയ ആളുകളെ ഉദ്ദേശിച്ചല്ല ചെറിയ ആളുകളെ സംബന്ധിച്ച് അവരുടെ ന്യായമായ പരാതികൾ ഗവൺമെന്റ് പരിഗണിക്കണം. മറെറാന്ന്, ഒരു കുടിയാന് നോട്ടീസ് കൊടുത്താൽ ബിൽഡിംഗ് ലീസ് ആന്റ് റെന്റ് കൺട്രോൾ ആക്ടനുസരിച്ച് അയാളെ ഒഴിപ്പിക്കാം. എന്നാൽ ഈ രാജ്യത്തെ സാധാരണക്കാരായ ആളുകളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വാടക കൊടുക്കുന്ന കെട്ടിടങ്ങൾ ഒഴിപ്പിക്കാൻ നോട്ടീസ് അയച്ചാലും കേസുകൊടുത്താലും യഥാസമയം ഗവൺമെന്റ് ഒഴിഞ്ഞുകൊടുക്കാറില്ലെന്ന് സാർവ്വത്രികമായി പരാതിയുണ്ട്. ഗവൺമെന്റ് ഇങ്ങനെ അനധികൃത കൈവശക്കാരെ ഒഴിപ്പിക്കാൻ വ്യഗ്രതകാണിക്കുമ്പോൾ ഇത് വൺ വേ ട്രാഫിക് ആയിക്കൂടാ. ഗവൺമെന്റ് അനധികൃത കൈവശക്കാരെ ഒഴിപ്പിക്കാൻ വ്യഗ്രതകാണിക്കുന്ന ഇതേ സന്ദർഭത്തിൽ ഗവൺമെന്റ് അനധികൃതമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങളിൽനിന്ന് ഒഴിഞ്ഞുപോകാനുള്ള ഒരു സാമാന്യമായ ധാർമ്മിക മര്യാദ പ്രദർശിപ്പിക്കണം. അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുന്നതോടുകൂടി ഗവൺമെന്റ് ഇങ്ങനെ ഈ രാജ്യത്തെ പൗരൻമാരോട് കാണിക്കുന്ന അനീതി അവസാനിപ്പിക്കണം. ഈ നാട്ടിലെ പാവപ്പെട്ടയാളുകളുടെ കെട്ടിടങ്ങൾ കൈവശം വച്ചിട്ടുണ്ടെങ്കിൽ അത് ഒഴിഞ്ഞുകൊടുക്കുന്നതിനോ അല്ലെങ്കിൽ അവരുടെ വാടക ന്യായമായ നിലയിൽ കൂട്ടികൊടുക്കുന്നതിനോ നടപടി എടുക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഒരിക്കൽക്കൂടി ശക്തമായി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : സർ, ഗവൺമെൻറ് വക കെട്ടിടങ്ങളും കൈവശം വച്ചിരിക്കുന്നവരെ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണമാണിത്. കെട്ടിടം ഒഴിപ്പിക്കുന്നത് പല വിധത്തിലാകാം. കൈവശവും പല വിധമാകാം. ഗവൺമെൻറ് വച്ചുകൊടുക്കുന്ന കെട്ടിടങ്ങളും കാണും. ഭൂമി കൈവശം കിട്ടിയവർ ആ വ്യവസ്ഥയിൽ വച്ച കെട്ടിടവും കാണും. സിഡ്കോയെക്കൂടി ഈ നിയമത്തിന്റെ പരിധിക്കുള്ളിൽ ഉൾപ്പെടുത്തണമെന്നവർ ആവശ്യപ്പെട്ടു. ഉൾപ്പെടുത്തി. സ്ഡ്കോയുടെ, കെട്ടിടങ്ങളായാലും, മറ്റു ഗവൺമെൻറ് കെട്ടിടങ്ങളായാലും ഗവൺമെൻറ് സ്ഥാപനങ്ങളായാലും ബാക്കി ഏതുതരം കെട്ടിടങ്ങളായാലും ഒരാളിനെ ഒഴിപ്പിക്കണമെന്നു തീരുമാനിച്ചാൽ അതു കൈവശമുള്ളവർക്ക് സാവകാശം കൊടുക്കേണ്ടിവരും. ഇന്ന് ഒരിടത്തുനിന്ന് വേറൊരിടത്ത് ഒരു വാടക കെട്ടിടം കിട്ടാൻ വളരെ വിഷമമുണ്ട്. എല്ലാവർക്കും അറിയാവുന്നതാണ്. എനിക്ക് ഓർമ്മയുള്ള ഒരു കാര്യമുണ്ട്. ഒരു വികലാംഗസദനം നടത്തുന്നതിന് കൊല്ലത്തെ സോഷ്യൽ വെൽഫയർ ഡിപ്പാർട്ടുമെൻറ് ഒരു കെട്ടിടം വാടകയ്ക്ക് എടുത്തു. അവർ 1968 മുതൽ ആവശ്യപ്പെടുകയാണ് ആ കെട്ടിടം ഒഴിഞ്ഞുകൊടുക്കാൻ. ഗവൺമെൻറ് ഒഴിഞ്ഞു കൊടുത്തിട്ടില്ല. ഒഴിഞ്ഞുകൊടുക്കാൻ സദനം ഇടാൻ വേറെ കെട്ടിടമില്ലെന്നാണ് പറയുന്നത്. ഗവൺമെൻറിനു പിടിച്ചുനിൽക്കാൻ കഴിയും. കാരണം ഗവൺമെൻറിന്റെ കൈയിൽ പോലീസ് ഉണ്ട്, ഗവൺമെൻറിന്റെ കൈയിൽ അധികാരം ഉണ്ട്. ഇവർ കോടതിയിലും മറ്റുമൊക്കെ പോയിവരുകയാണെങ്കിൽ വാടകകൊടുക്കുന്നുവെന്നു പറഞ്ഞ് ഒഴിയാനും കഴിയാം. കാരണം മുനിസിപ്പാലിറ്റിയിലാണ് ആ കെട്ടിടം. ഞാൻ അതല്ല പറയുന്നത്. ഇരുപോലെയുള്ള ഈ നിയമങ്ങളും ഒന്നും ഗവൺമെൻറിനെ ബാധിക്കുകയില്ലേ ? ഗവൺമെൻറ് അനുഷ്ഠിക്കേണ്ട ചില തത്വങ്ങളും ഉണ്ട്. ഒഴിപ്പിക്കണമെന്നു ഗവൺമെൻറ് പറഞ്ഞാൽ അവർക്ക് മാറുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കണം. അതിനുവേണ്ടുന്ന ഒത്താശകളും ചെയ്തുകൊടുക്കാതെ ഇവരെ ഒഴിപ്പിക്കാൻ പാടില്ല. അതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത് ഗവൺമെൻറ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അലോട്ട് ചെയ്യുന്ന ഭൂമി ഉണ്ട്. അലോട്ട് ചെയ്യുന്ന ഭൂമിയിൽ കെട്ടിടങ്ങളും വയ്ക്കുന്നവരെല്ലാം അതിന്റെ പണം മുഴുവൻ ഗവൺമെൻറിനു കൊടുത്തുകഴിഞ്ഞതിനുശേഷമാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ കെട്ടിടങ്ങളും വ്യവസായങ്ങളും അവരുടേതാകുന്നത്. ഇന്ന് ഒരു വ്യവസായം കടന്നു പോകുന്നതെങ്ങനെയാണ്. നമ്മുടെ നാട്ടിലെ വ്യവസായങ്ങളുടെ സ്ഥിതി എന്താണ് ? വ്യവസായത്തിനു സമയത്തിനു കിട്ടേണ്ട സഹായം കിട്ടുന്നില്ല. ഇപ്പോൾ കെ. എസ്. ഐ. ഡി. സി. യിൽ പോയാൽ ആരെയൊക്കെ സേവിക്കണം, ആരെയൊക്കെ പ്രീതിപ്പെടുത്തണം, നമ്മൾ ഒരു പ്രോജക്ടിനുവേണ്ടി അപേക്ഷിച്ചാൽ കെ. എസ്. ഐ. ഡി. സി.-യുടെ അംഗീകാരം വാങ്ങിച്ച് റിപ്പോർട്ടും വന്ന് അതിന്റെ കൊളാബറേഷനും കൂടി ആയി കഴിഞ്ഞ് അതിനുള്ള എല്ലാം ചെയ്തുകഴിയുമ്പോൾ, ആ പ്രോജക്ട് റിപ്പോർട്ട് നോക്കി കഴിഞ്ഞാൽ ഇത് എനിക്ക് നടത്താൻ ആളുണ്ട്, എന്റെ ബന്ധുവിനു നടത്താൻ കൊള്ളാവുന്നതാണെന്ന് കണ്ടാൽ ആ പ്രോജക്ട് റിപ്പോർട്ട് കൊടുത്ത ആളിനു വ്യവസായം കൊടുക്കാതെ വേറെയാളുകൾക്ക് കൊടുക്കുന്നു. അതാണ് ഇന്നത്തെ കെ. എസ്. ഐ. ഡി. സി.-യുടെ സ്ഥിതി. കെ. എസ്. ഐ. ഡി. സി.-യിൽ നിന്ന് കിട്ടേണ്ട പൈസ സമയത്തിനു അപേക്ഷിക്കുന്നവനു കിട്ടാതെ വന്നാൽ വ്യവസായം നടത്താൻ നിവൃത്തിയില്ലാതെ വന്നാൽ മുടക്കിയ പണം മുഴുവൻ പോകും. അതുകഴിഞ്ഞതിനു ശേഷം ഇവിടെക്കൊണ്ടുവന്നുവച്ച മെഷിനറി ഡമറേജ് കൊടുത്ത് എടുക്കാൻ Working Capital ഇല്ലാതെ വന്നാൽ വ്യവസായം നടത്താൻ പറ്റുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷിച്ചാൽ വ്യവസായ ആഫീസർ ശുപാർശ ചെയ്തില്ലെങ്കിൽ പണം കിട്ടുകയില്ല. സഹായത്തിന് ഗവൺമെന്റിനു പണം കൊടുത്തില്ലെന്നും മറ്റു കുടിശ്ശിക വന്നുപെന്നുള്ള വിധത്തിൽ ഗവൺമെന്റ് ഹാർഡായിട്ടുള്ള വിധത്തിൽ ജപവുടെ പേരിൽ നടപടി എടുക്കുന്നു. അതുകൊണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ സ്ഥിതി ഞാൻ പറയുകയാണ്. എത്ര വ്യവസായങ്ങൾ അടഞ്ഞുകിടക്കുകയാണ്. ഗവൺമെന്റിൽ നിന്നു സഹായത്തിന് കിട്ടേണ്ട സഹായം, വ്യവസായത്തിന് കിട്ടാത്തതുകൊണ്ടാണ് അടഞ്ഞുകിടക്കുന്നത്. ഇന്നുള്ള പ്രതിസന്ധികളെല്ലാം വച്ചുകൊണ്ട് ഓരാൾക്ക് പണം മുടക്കാൻ ഇല്ലാതെ വരുമ്പോൾ അദ്ദേഹം വേറൊരാൾക്ക് കൈമാറ്റം ചെയ്ത് നടത്തത്തക്ക വിധത്തിൽ നടപടി എടുത്തുകഴിഞ്ഞാൽ അതിന്റെ പേരിൽ ഒഴിപ്പിക്കുമെന്നാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്. അത് ന്യായമാണോ അന്യായമാണോയെന്ന് നോക്കാനാണ് ഈ നടപടി വേഗം എടുക്കരുതെന്നു പറയുന്നത്. ഞാൻ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ കാര്യമാണ് പറഞ്ഞത്. എനിക്ക് നാലഞ്ച് വ്യവസായികളെ സംബന്ധിച്ചറിയാം. അവർക്ക് പണമില്ല. മെഷിനറി ഉണ്ട്. അതു നടത്തുന്നതിനുള്ള പണം ഇല്ലാതെവന്നു. പണമുള്ളവനെ നടത്താൻ ഏൽപ്പിച്ചാൽ ഒഴിപ്പിക്കുകയാണെങ്കിൽ അവർ മുടക്കിയ പണം മുഴുവൻ പോകുകയില്ലേ. ഒഴിപ്പിക്കൽ തടയൽ നിയമം പാസാക്കുന്നവരാണ് നമ്മൾ.എന്നാൽ ഗവൺമെന്റ് ഒഴിപ്പിച്ചാൽ മുടക്കിയ പണം പോയി. പ്രൈവറ്റ് വ്യക്തികളുടെ കൈയിലിരിക്കുന്ന ഭൂമിയിൽനിന്ന് കൃഷിക്കാരെ ഒഴിപ്പിക്കരുത് മറ്റുള്ളവരെ ഒഴിപ്പിക്കരുത്. ലീസിന് കൊടുത്തിരിക്കുന്ന മുനിസിപ്പാലിറ്റി ഏരിയയിലുള്ള കെട്ടിടങ്ങൾ ഒഴിപ്പിക്കാതിരിക്കുന്നതിന് റെന്റ് കൺട്രോൾ ആക്ട് ബാധകമാക്കികൊണ്ട് ഒഴിപ്പിക്കാതിരിക്കാനുള്ള വ്യവസ്ഥകൂടി കൊടുത്തുകഴിഞ്ഞിരിക്കുകയാണ്. ഇപ്പോൾ പറയുന്നതെന്താണ് ? ഗവൺമെന്റിന്റെ എല്ലാം ഒഴിപ്പിക്കുമെന്നാണ് പറയുന്നത്. ഏത് വിധത്തിലാണെന്നോ ? ഇഷ്ടം പോലെ ഒഴിപ്പിക്കാമെന്നാണ്. നിയമത്തിൽ തന്നെ എതെല്ലാം കാരണംകൊണ്ടാണ് ഒഴിപ്പിക്കുന്നതെന്നും എഴുതിചേർക്കുകയാണ് നല്ലത്. Rule-ൽ ആയാൽ അതു ബുദ്ധിമുട്ടാകും. Rule നിയമം പോലെ ശ്രദ്ധിക്കാറില്ല. ഈ വിധത്തിൽ പണം മുടക്കി കൈമാറ്റം ചെയ്തതിന്റെ പേരിൽ വ്യവസായങ്ങൾ നന്നായി നടത്തികൊണ്ടുപോകാൻ തയ്യാറാണ്. ഈ വിധത്തിലുള്ള നടപടികളും വർദ്ധിപ്പോകും ഈ നിയമം കൈകാര്യം ചെയ്യുന്നത് വളരെ സൂക്ഷിച്ചുവേണം. വളരെക്കൂടുതൽ തൊഴിലില്ലായ്മയുള്ള നാടാണ് നമ്മുടേത്. ഈ നാട്ടിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഗവൺമെന്റ് സർവ്വീസിൽ ഒരു പുതിയ പോസ്റ്റുണ്ടാക്കാൻ ഇനി പറ്റുകയില്ലെന്ന് ഗവൺമെന്റ് ആവർത്തിച്ചാവർത്തിച്ചുപറയുന്നു. അതുപോലെതന്നെയാണ് ഗവൺമെന്റ് വ്യവസായങ്ങളുടെയും സ്ഥിതി. ഈ നിയമത്തെ സംബന്ധിച്ച് ആയതിനാൽ നിയമം നടപ്പിലാക്കുന്ന രീതി ചെറുകിട വ്യവസായികളെ വ്യവസായസംരംഭത്തിൽ നിന്നു ഒഴിക്കത്തക്കവിധമാവാൻ പാടില്ല. പ്രൈവറ്റ് വ്യക്തികളുടെ കെട്ടിടമാണെങ്കിലും ഒഴിപ്പിക്കൽ തടയാൻ റെന്റ് കൺട്രോൾ നിയമമുണ്ട്. മറ്റു നടപടിക്രമങ്ങളും മറ്റു നിയമങ്ങളും ഉണ്ട്. ഗവൺമെന്റ് ഒഴിപ്പിക്കാൻ വേണ്ടിയുള്ള നടപടിക്രമമാവിഷ്കരിക്കുമ്പോൾ ഓരോ കേസും അതിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് കൈശക്കാർക്ക് ഏറ്റവും കുറവ് ബുദ്ധിമുട്ടുണ്ടാകുന്ന തരത്തിലായിരിക്കണം പുതിയ വ്യവസായ സംരംഭകർക്ക് സാമ്പത്തികബുദ്ധിമുട്ട് നടത്താൻ പറ്റാത്തസ്ഥിതിയും മറ്റും അവരുടെ കുറ്റംകൊണ്ടല്ലാതെ ഉണ്ടാകുകയാണെങ്കിൽ ഗവൺമെന്റ് സ്ഥാപനം വിലയ്ക്ക് എടുത്ത് വേറെ ആരെയെങ്കിലും ഏൽപ്പിക്കുകയോ ഗവൺമെന്റ് നേരിട്ട് നടത്തുകയോ വേണം. അതുപോലെ ഗവൺമെന്റ് കെട്ടിടം സാധനങ്ങൾ Stock ചെയ്യാനാണ് എടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തെങ്കിൽ ഏതെങ്കിലും വിധത്തിൻ കൈവശം വച്ച് സ്റ്റോക്ക് ചെയ്തു വച്ചിരിക്കുന്ന സാധനങ്ങൾ ഒരു ദിവസംകൊണ്ട് എടുത്ത് മുറത്തെറിഞ്ഞ് ഒഴിപ്പിക്കത്തക്കവിധത്തിലുള്ള നടപടികളും ഗവൺമെൻറ് ഭാഗത്തു നിന്നു വന്നുകൂടാ. ഓരോ കേസും ഗവൺമെൻറ് വ്യക്തമായിട്ട് പരിശോധിക്കാതെ ഈ നിയമം ഉപയോഗിക്കുകയാണെങ്കിൽ ആപത്ത് വരാനാണ് സാദ്ധ്യത.

സർ, ഗവൺമെൻറ് സ്ഥാപനങ്ങളിലും പണിയില്ല. നിങ്ങൾ സ്വയം തൊഴിൽ കണ്ടെത്താനാണ് പറയുന്നത്. പാവപ്പെട്ട, സ്വയം
1 p. m.] തൊഴിലുണ്ടാക്കി ജീവിക്കാൻ പോയിട്ടുള്ള ആളുകൾക്കാണ് ഈ ആപത്ത് വരാൻ പോകുന്നത്. അതുകൊണ്ട് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ് സൂക്ഷിച്ചല്ലാതെ ഈ വകുപ്പ് ഉപയോഗിക്കരുത്. ഈ നിയമം നടപ്പിലാക്കുമ്പോൾ അനുഷ്ഠിക്കേണ്ടതായിട്ടുള്ള തത്വങ്ങൾ നിയമത്തിൽ തന്നെ ചേർക്കുന്നതു നന്നായിരിയ്ക്കും. സഹകരണസംഘങ്ങളുടെ ആളുകളായിരിക്കുകയില്ല, ഇത് ഒഴിപ്പിക്കാൻ പോകുന്ന ഉദ്യോഗസ്ഥൻമാർ, അവർ വേറെ ആയിരിക്കും. ഇത് സിഡ്കോയ്ക്ക് കൊടുക്കുകയാണെങ്കിൽ ശ്രീ. അഹമ്മദ് ചാടിക്കയറി ഇല്ലാത്തതും ബാക്കിയുള്ളതും ഒക്കെ പറഞ്ഞ് ചിലപ്പോൾ ഒഴിപ്പിച്ചു എന്നു വരും. ആ വിധത്തിലുള്ള നടപടികളെടുക്കാതെ, ഇത് അവധാനതയോടുകൂടി കൈകാര്യം ചെയ്യേണ്ട നിയമമാണ് എന്ന് അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. ഓരോ കേസ്സും പരിശോധിച്ച് ഇത് ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുക്കണം. അല്ലാതെ മാറ് വിധത്തിൽ പൊതുനിയമം പാസ്സാക്കിയെന്നുള്ള വിധത്തിൽ കൈകഴുകി നിൽക്കത്തക്കരീതിയിലുള്ള സ്ഥിതിഗതി ഉണ്ടാകരുത് എന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഈ നിയമത്തോട് ഞാൻ യോജിക്കുന്നില്ല. ഈ നിയമത്തിന് എന്തെങ്കിലും തത്വം ഉണ്ടെങ്കിൽ അതിനോടും ഞാൻ യോജിക്കുന്നില്ല. എന്തെങ്കിലും ഒരു ആവശ്യത്തിനുവേണ്ടി ആദ്യം നിയമം പാസ്സാക്കും. അത് കഴിഞ്ഞിട്ട് ആ നിയമം എന്ത് ഉദ്ദേശത്തോടുകൂടിയാണോ ആദ്യം പാസ്സാക്കിയത് ആ ഉദ്ദേശത്തേക്കാൾ കൂടുതലായിട്ടുള്ള ഉദ്ദേശങ്ങൾ നിറവേറ്റാനായിട്ട് ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയാണ്. ഇത് ഒരു പ്രവണതയായിട്ട് പലരും കാണുന്നുണ്ട്. ഉദാഹരണമായിട്ട് ബിൽഡിംഗ് ലീസ് ആൻഡ് റെൻറ് കൺട്രോൾ ആക്ട് എടുക്കുകയാണെങ്കിൽ അതിൽ ആദ്യം പറഞ്ഞത് ഗവൺമെൻറ് കെട്ടിടങ്ങൾക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്കും ഇത് ബാധകമല്ല എന്നാണ്. അതു കഴിഞ്ഞ് പിന്നീട് ഒരു ഭേദഗതി കൊണ്ടുവന്ന് ഒരു പ്രൊവിഷൻ വച്ചു, ഗവൺമെൻറ് ഏതെല്ലാം സ്ഥാപനങ്ങൾക്ക് നോട്ടിഫൈ ചെയ്യുന്നുവോ ആ സ്ഥാപനങ്ങൾക്ക് ഒന്നും ബാധകമല്ല എന്ന്. ഇപ്പോൾ എത്രാണ്ട് നൂറിലധികം നോട്ടിഫിക്കേഷൻ വന്നിട്ടുണ്ട് എന്നാണ് പറയുന്നത്. ഇത്രത്തോളം സ്ഥാപനങ്ങളെ ഈ ആക്ടിന്റെ പരിധിയിൽ നിന്ന് മാറിയിരിക്കുകയാണ്. അതുപോലെ തന്നെ ഈ നിയമം കൊണ്ടുവന്നത് ഗവൺമെൻറ് കെട്ടിടവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ കെട്ടിടവും ആരെങ്കിലും അനധികൃതമായി പ്രവേശിച്ച് കൈവശം വച്ചിട്ടുണ്ട് എങ്കിൽ അവരെ ഒഴിപ്പിക്കാൻ വേണ്ടിയാണ്. ഇപ്പോൾ കമ്പനി, കോർപ്പറേഷൻ, മുതലായവ സംസ്ഥാനഗവൺമെൻറിന്റെ കീഴിലുള്ളതെന്ന് പറഞ്ഞു. സംസ്ഥാനഗവൺമെൻറിന്റെ കീഴിലുള്ളതുകൊണ്ടു വന്നാൽ കേന്ദ്രഗവൺമെൻറിന്റെ കീഴിലുള്ളതും കൊണ്ടുവന്നാൽ എന്താണ്? അതിനും വേണ്ടതല്ലേ എന്നു പറയും. അതിന് പിന്നെ ഒരു ഭേദഗതി കൊണ്ടുവരും, ഇത് വിട്ടുപോയി അതുകൊണ്ട് ഭേദഗതി കൊണ്ടുവരുന്നു എന്നുപറയും. ഓരോ തവണയും ഭേദഗതി കൊണ്ടുവരാൻ പ്രയാസമാണ്;

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഗവൺമെന്റ് നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എല്ലാം കൊണ്ടുവരണം. അത് നെഗറ്റീവ് പ്രവണതയാണ്. ആ പ്രവണതയാണ് ഇതിൽ പ്രകടിപ്പിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇനിയും കൂടുതൽ സ്ഥാപനങ്ങളെ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുന്നത് സൂക്ഷിക്കേണ്ടതാണ്, കൊണ്ടുവരാതിരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. എസ്. ജോൺ : സർ, ഗൗരിയമ്മ പറഞ്ഞ ഒരു സെന്റൻസിനോട് ഞാൻ യോജിക്കുന്നു. വളരെ സൂക്ഷിച്ചുവേണം ഈ നിയമം നടപ്പിലാക്കാൻ എന്നു പറഞ്ഞു. അതിനാണല്ലോ ഇവിടെ മൂന്നു വട്ടം ചർച്ച നടത്തുന്നത്. മൂന്നുവട്ടം ചർച്ച നടത്തി സൂക്ഷിച്ചാണ് എല്ലാ നിയമവും എല്ലാ ഗവൺമെന്റിന്റെ കാലത്തും നടപ്പിലാക്കുന്നത്. ഇത് ഒരു ഒഴിപ്പിക്കുന്ന ഗവൺമെന്റാണെന്നാണ് ഗൗരിയമ്മയുടെ വാദം. അങ്ങനെയല്ല. സർക്കാർ വക സ്ഥലത്ത് അൺ-ഓതറൈസ്ഡായി കയറിയ ആളുകളെ ഒഴിപ്പിക്കുന്ന ഗവൺമെന്റ് തന്നെയാണ് ഇത്. അവരെ ഒഴിപ്പിക്കുകയും അതേസമയം ഗവൺമെന്റ് വാടകയ്ക്കെടുത്താൽ വാടക കൊടുക്കുകയും വേണം. ഇപ്പോൾ നമ്മുടെ രാജ്യത്ത് ഒരു പ്രവണത ഉണ്ട്. സർക്കാർ വക കെട്ടിടമോ സ്ഥലമോ വാടകയ്ക്ക് എടുത്താൽ വാടക കൊടുക്കാതിരിക്കുക എന്ന പ്രവണത ഈ രാജ്യത്ത് വളർന്നിരിക്കുന്നു. അത് നമ്മൾ വളർത്തിയെടുത്തിരിക്കുകയാണ്, അതിൽ ഒരു മാറ്റം ഉണ്ടാകാൻ യഥാർത്ഥത്തിൽ ഈ നിയമം ആവശ്യമാണ്. ഇത് ഒഴിപ്പിക്കാൻ വേണ്ടിയുള്ള നിയമമല്ല. ഗൗരിയമ്മ മൂന്നാം വായനയിൽ പത്തു പതിനഞ്ച് മിനിട്ട് ഇവിടെ നിന്ന് കസറി. നിയമനിർമ്മാണ നടപടികളിൽ എല്ലാവർക്കും ഒരേ അവകാശമാണുള്ളത്. അതുപോലെ ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞ പോയിന്റിനോട് ഞാൻ യോജിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : സർ, നിരപരാധിയായ എന്റെ നേരെ രണ്ട് പദപ്രയോഗമാണ് നടത്തിയിരിക്കുന്നത്. രാവിലെ ഞാൻ അനാവശ്യം പറഞ്ഞു എന്നു പറഞ്ഞു. ഞാൻ അനാവശ്യം പറയുകയില്ല. ഇപ്പോഴും പറഞ്ഞു. ഞാൻ കസറി എന്ന്. കസറിയെന്നു പറയുന്നത് ഏതുവിധത്തിലാണ്. എനിക്ക് കസറണ്ട.

മി. സ്പീക്കർ : ഗൗരിയമ്മ ഭംഗിയായി സംസാരിച്ച് എന്നുള്ള രീതിയിലാണ് പറഞ്ഞത്.

ശ്രീ. ടി. എസ്. ജോൺ : സർ, ചർച്ച അസ്സലായി എന്നാണ് ഞാൻ ഉദ്ദേശിച്ചത്. ഗൗരിയമ്മയെ സംബന്ധിച്ച് എനിക്ക് നല്ല അഭിപ്രായമാണുള്ളത്. അതിൽ എന്തെങ്കിലും വേദന ഉണ്ടായിട്ടുണ്ടെങ്കിൽ ഞാൻ അത് പിൻവലിക്കുന്നു. ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞ ഒരു സെന്റൻസ്, സർക്കാർ കെട്ടിടം വാടകയ്ക്ക് എടുത്താൽ ഒഴിഞ്ഞുകൊടുക്കുന്നില്ല, വാടക കൊടുക്കുന്നില്ല എന്നാണ്. നമ്മുടെ രാജ്യത്ത് അങ്ങനെ ഒരു പ്രവണത ഉണ്ടായിട്ടുണ്ട്. അത് ഞാൻ അംഗീകരിക്കുന്നു, സർക്കാർ ആ വാടകയെങ്കിലും കൊടുക്കണം. ഈ ഗവൺമെന്റിന്റെ കാലത്ത് മാത്രമല്ല 1980-ൽ എടുത്ത കെട്ടിടത്തിനു പോലും വാടക കിട്ടാത്തതുണ്ട്. എല്ലാ ഗവൺമെന്റിന്റെ കാലത്തും ഉണ്ടായിരിക്കുന്ന പ്രവണതയാണ്. സർക്കാർ പ്രൈവറ്റ് ഉടമയുടെ കെട്ടിടം വാടകയ്ക്ക് എടുത്താൽ സമയത്ത് വാടക കൊടുക്കുന്നില്ല. അതിനുള്ള നടപടികൂടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, വർക്കല രാധാകൃഷ്ണൻ പറഞ്ഞതിനെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ഞാൻ നേരത്തെ പ്രസംഗത്തിൽ പറഞ്ഞു, വാടക കൊടുക്കുന്നതെല്ലാം പൊതുമരാമത്തുവകുപ്പ് അല്ല. പല ഡിപ്പാർട്ടുമെന്റിന്റേയും വാടക പല ഡിപ്പാർട്ടുമെന്റുകളാണ് കൊടുക്കുന്നത്. ഏതെങ്കിലും കിട്ടാത്തത് ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ അതാത് ഡിപ്പാർട്ടുമെന്റുകളെ വേണ്ട നടപടി യെടുക്കു. ഗൗരിയമ്മക്ക് അത് ചോദിക്കാൻ തോന്നിയല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: സർ, ബാക്കിയുള്ളവർക്ക് എന്തിന് പാസ് സാക്കി കൊടുക്കുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടി നഹ: ഗൗരിയമ്മയുടെ കാലത്ത് 1968-ൽ ഉണ്ടാക്കിയ നിയമത്തിൽ ഗവൺമെന്റ് കെട്ടിടത്തിലോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടത്തിലോ ഉള്ളവരെ ഒഴിപ്പിക്കാമെന്ന വ്യവസ്ഥ യാണുള്ളത്. ഗൗരിയമ്മ ഇന്നു പറഞ്ഞതുപോലെ അന്ന് പ്രതിപക്ഷത്തിരി ക്കുന്നവരോ ഭരണകക്ഷിയിൽപെട്ടവരോ പറഞ്ഞിരിക്കും, ഒഴിപ്പിക്കുമ്പോൾ അവരുടെ ആവശ്യങ്ങളെല്ലാം പരിഗണിക്കണം എന്ന്. ഇന്ന് ഗൗരിയമ്മ പറഞ്ഞത് അവരെ ഒഴിപ്പിക്കുമ്പോൾ അവരുടെ ആവശ്യം പരിഗണിക്കണ മെന്നാണ്. ആ പഴയ നിയമത്തിലെ ഗവൺമെന്റ് കമ്പനികളിലോ കോർ പ്പറേഷനിലോ ഉള്ളവർക്കുകൂടി ബെനിഫിറ്റ് എക്സ്റ്റെൻഡ് ചെയ്തു വെന്നതിൽ കവിഞ്ഞ് പുതിയ നിയമം ഇവിടെ കൊണ്ടുവരുന്നില്ല. അന്ന് അവരെ ഒഴിപ്പിക്കുന്നതിന് എന്തെല്ലാം പരിഗണിച്ചിരുന്നോ അതെല്ലാം ഇവരെ ഒഴിപ്പിക്കുന്ന സമയം പരിഗണിക്കും. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞു ഇനി പുതുതായി കൊണ്ടു വരാതിരിക്കാൻ ശ്രമിക്കണമെന്ന്. ഇക്കാര്യത്തിൽ എനിക്ക് ഉറപ്പ് പായാൻ കഴിയുകയില്ല. ചന്ദ്രശേഖരൻ തന്നെ മന്ത്രിയായിരുന്നുകൊണ്ട് വേറെ എന്തെങ്കിലും കൊണ്ടുവന്നാൽ അന്ന് ഞാൻ ഉണ്ടെങ്കിൽ, ഇപ്പോഴത്തെ അദ്ദേഹം പറഞ്ഞ മാതിരി അദ്ദേഹത്തെ എതിർക്കേണ്ടിവരും. ഏതായാലും വാഗ്ദാനം ചെയ്യാൻ സാധിക്കുകയില്ല. കഴിയുന്നതും വേഗം ഈ പദ്ധതി ആർക്കും ഉപദ്രവമില്ലാത്ത രീതിയിൽ ഭംഗിയായി നടത്താൻ ശ്രമിക്കാം എന്നു പറഞ്ഞു കൊണ്ട് ഇത് അംഗീകരിക്കണമെന്നു പറഞ്ഞുകൊണ്ട് നിറുത്തുന്നു.

1986-ലെ കേരള പൊതുകെട്ടിട (അനധികൃത കൈവശക്കാരെ ഒഴിപ്പിക്കൽ) ഭേദഗതി ബിൽ പാസ്സാക്കണം എന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീ കരിച്ചു. പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

(3) 1986-ലെ കേരള സഹകരണ സംഘം (ഭേദഗതി) ബിൽ

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമല): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1986-ലെ കേരള സഹകരണസംഘം (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണം എന്ന പ്രമേയം ഞാൻ അവതരി പ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly